2017 ജൂൺ 25
വാല്യം 10
ലക്കം 12

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്
# പാസ്റ്റർ വൈ. റെജി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്


പാസ്റ്റർ വൈ. റെജി


പാസ്റ്റർ സാംകുട്ടി മാത്യു


പാസ്റ്റർ ഷിജു മത്തായി


പാസ്റ്റർ എബി റ്റി. ജോയി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി പാസ്റ്റർ വൈ. റെജിയെ നിയമിച്ചു. പാസ്റ്റർ ഷിജു മത്തായി (ചാരിറ്റി ഡയറക്ടർ), പാസ്റ്റർ എബി റ്റി. ജോയി (കൗൺസിലിംഗ് ഡയറക്ടർ), പാസ്റ്റർ സാംകുട്ടി മാത്യു (മീഡിയ ഡയറക്ടർ) എന്നിവരും ചുമതലയേറ്റു.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി നിയമിതനായ പാസ്റ്റർ വൈ. റെജി പത്തനാപുരം പാതിരിക്കൽ മംഗലത്ത് യോഹന്നാൻ ഡേവിഡിന്റെയും ചിന്നമ്മയുടെയും മകനായി ജനിച്ചു. 22-ാം വയസ്സിൽ മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളജിൽ വേദപഠനം നടത്തിയ ഇദ്ദേഹം കഴിഞ്ഞ 23 വർഷമായി ദൈവസഭയുടെ ശുശ്രൂഷകനാണ്. 2002-ൽ ഡിസ്ട്രിക്ട് പാസ്റ്ററും 2006-ൽ സ്റ്റേറ്റ് കൗൺസിലിൽ അംഗവുമായ ഇദ്ദേഹം 2008-ൽ യൂത്ത് ഡയറക്ടറായി, നിലവിൽ ചർച്ച് ഓഫ് ഗോഡ് ഗവേണിംഗ് ബോഡി മെമ്പറാണ്. ചാരിറ്റി ഡയറക്ടറായി 2016-ൽ നിയമിതനായി. മികച്ച സംഘാടകനും കൺവൻഷൻ പ്രസംഗകനുമാണ്. ആലുവ ഡിസ്ട്രിക്ട് പാസ്റ്ററും ചേന്ദമംഗലം സഭാ ശുശ്രൂഷകനുമാണ്. അടുത്ത ഓവർസിയറായി ഏറ്റവും അധികം സാധ്യതയുള്ള ശുശ്രൂഷകൻ കൂടിയാണ് പാസ്റ്റർ വൈ. റെജി. ഭാര്യ: ഹെൽന. മക്കൾ: എം.ബി.ബി.എസ് വിദ്യാർത്ഥിയായ ജോയലും രൂഫസും.

മീഡിയ ഡയറക്ടറായി നിയമിതനായ പാസ്റ്റർ സാംകുട്ടി മാത്യു ദൈവസഭാ സീനിയർ ശുശ്രൂഷകനാണ്. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്ററും ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ജനറൽ സെക്രട്ടറിയുമാണ്. റാന്നി വട്ടാർകയം ദൈവസഭാംഗം. ഭാര്യ: ബിജി സാം, മക്കൾ: സ്റ്റാൻലി, ഫേബ. മരുമകൾ: റെൻസി.

ചാരിറ്റി ഡയറക്ടറായി നിയമിതനായ പാസ്റ്റർ ഷിജു മത്തായി 1997 മുതൽ ദൈവസഭാ ശുശ്രൂഷകനാണ്. പയ്യനാമൺ പച്ചയിൽ യോഹന്നാൻ മത്തായി (പൊന്നച്ചൻ), സാറാമ്മ ദമ്പതികളുടെ മകനാണ്. കോന്നി ദൈവസഭാംഗം. അഹമ്മദാബാദ്, എറണാകുളം, തഴക്കര, അയ്മനം, ചെങ്ങറ, എലിക്കോട് സഭകളിൽ ശുശ്രൂഷിച്ചു. ഇപ്പോൾ പുല്ലാട് ഗിൽഗാൽ സഭ ശുശ്രൂഷകൻ. പയ്യനാമൺ സഭയുടെ സ്ഥാപകനായ ഇദ്ദേഹം മികച്ച സംഘാടകനാണ്. ഭാര്യ: സുമ. മക്കൾ: ഷാലോൺ, ഷെയിൻ.

കൗൺസിലിംഗ് ഡയറക്ടറായി നിയമിതനായ പാസ്റ്റർ എബി. റ്റി. ജോയി അടൂർ തച്ചവടക്കേതിൽ ടി. സി. ജോയിയുടെ

06

# ദൈവസഭാ സമ്മേളനം ഒരുക്കങ്ങൾ പൂർത്തിയായി

● ഷാജി വെണ്ണിക്കുളം (മീഡിയ കോർഡിനേറ്റർ)


റവ. ടിം ഹിൽ


കാനം അച്ചൻ


പാസ്റ്റർ അനീഷ് ഏലപ്പാറ


റവ. ബെനിസൺ മത്തായി


റവ. എം. കുഞ്ഞപ്പി


റവ. പി. ആർ. ബേബി


സിസ്റ്റർ സൂസി ജോൺസൺ

**അറ്റ്ലാന്റാ:** 22-ാമതു നോർത്ത് അമേരിക്കൻ ദൈവസഭ സമ്മേളനം ഹൂസ്റ്റൺ ജോർജ്ജ് ബുഷ് ഇന്റർ നാഷണൽ എയർപോർട്ടിനടുത്തുള്ള ഹിൽട്ടൻ ഹോട്ടലിൽ ജൂലൈ 13 മുതൽ 16 വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി എക്സിക്യൂട്ടീവ് കമ്മറ്റി അറിയിച്ചു. ഈ വർഷത്തെ സമ്മേളനത്തിൽ ദൈവസഭകളുടെ ജനറൽ ഓവർസിയർ ആയിരിക്കുന്ന റവ. ടിം ഹില്ലിനെ കൂടാതെ കേരളത്തിൽ നിന്നും റവ. പി. ഐ. ഏബ്രഹാം (കാനം അച്ചൻ), പാസ്റ്റർ അനീഷ് ഏലപ്പാറ, റവ. ബെനിസൻ മത്തായി, റവ. എം. കുഞ്ഞപ്പി, റവ. പി. ആർ. ബേബി എന്നിവരാണ് മുഖ്യ പ്രസംഗകർ, കൂടാതെ അമേരിക്കയിലും കേരളത്തിലുമുള്ള പ്രഗത്ഭരായ മറ്റു ദൈവദാസന്മാരും വചനം പ്രഘോഷിക്കും.

പാസ്റ്റേഴ്സ് ലിൻസൻ ഡാനിയേൽ, സിസിൽ മാത്യു, റെനി ചെറിയാൻ, ജെറിൻ തോമസ്, പ്രകാശ് മാത്യു, സാം തോമസ് എന്നിവർ യുവജനസമ്മേളനത്തിൽ ദൈവവചനം ശുശ്രൂഷിക്കും. സിസ്റ്റർ പെർസിസ് ജോൺ,

06

# ഐപിസി ഫാമിലി കോൺഫറൻസ് ഒരുക്കങ്ങൾ പൂർത്തിയായി



**ന്യൂജേഴ്സി:** ഐപിസി 15-ാമത് കുടുംബ സംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി നാഷണൽ കൺവീനർ പാസ്റ്റർ ജോസഫ് വില്യംസ് അറിയിച്ചു. ജൂലൈ 27-30 വരെ ന്യൂജേഴ്സി ചെറിഹിൽ ക്രൗൺപ്ലാസാ ഹോട്ടൽ ആഡിറ്റോറിയത്തിലാണ് സമ്മേളനം നടക്കുന്നത്. “സമയം തക്കത്തിൽ ഉപയോഗിപ്പിൻ” (എഫെ. 5:16) എന്നതാണ് മുഖ്യ ചിന്താവിഷയം. പ്രസിദ്ധരായ പ്രസംഗകരാണ് അതിഥി പ്രസംഗകരായി എത്തിച്ചേരുന്നത്. പാസ്റ്റർമാരായ കെ. ജെ. തോമസ്, ഷിബു തോമസ്, ജേക്കബ് മാത്യു, സാം ജോർജ്ജ്, ഡോ. വത്സൻ ഏബ്രഹാം എന്നിവരാണ് മലയാള വിഭാഗത്തിലെ പ്രധാന പ്രസംഗകർ. ഇവരെകൂടാതെ നോർത്തമേരിക്കയിലുള്ള ഐപിസി ശുശ്രൂഷകന്മാരും വിവിധ മീറ്റിംഗുകളിൽ ശുശ്രൂഷിക്കും. യുവജനങ്ങളുടെ ഇടയിൽ ശക്തമായി പ്രയോജനപ്പെട്ടുക്കൊണ്ടിരിക്കുന്ന അനുഗ്രഹീത പ്രഭാഷകനാണ് റവ. മൈക്കിൾ മാറ്റ്സ്. ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളിൽ സിസ്റ്റർ ജസ്സി ജെയ്സൺ പ്രസംഗിക്കും. മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായി മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്കുവേണ്ടിയും പ്രത്യേക മീറ്റിംഗുകൾ നടക്കും. വിവിധ മീറ്റിംഗുകളിൽ ഐപിസി ഫാമിലി കോൺഫറൻസ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. അന്തർദേശീയ നിലവാരമുള്ള ക്രൗൺ പ്ലാസാ ഹോട്ടലിലെ

06

## സാക്ഷി



പുതുമുഖങ്ങൾ നേതൃത്വത്തിൽ എത്തുന്നതിൽ ചിലർക്ക് അസ്വസ്ഥത.

*ഞാൻ ഒരുവൻ മാത്രം ശേഷിക്കുന്നു എന്ന “ഏലിയാവ്”മനോഭാവം ബാധിച്ചവർ*

# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു


ഡോ. ഷൈനി റോജൻ സാം


സിസ്റ്റർ ലൗലി ഷാജി തോമസ്


ഡോ. മനു ചാക്കോ


സിസ്റ്റർ സാറാ ജോൺ


സിസ്റ്റർ അഞ്ജലീന ജോൺ


ബ്രദർ പി. എസ്. ഏബ്രഹാം


പാസ്റ്റർ ജി. സാമുവേൽ


ബ്രദർ മനു ഫിലിപ്പ്


സിസ്റ്റർ സൂസൻ ബി. ജോൺ

**ന്യൂയോർക്ക്:** നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തെക്കോസ്ത് സഭാംഗങ്ങളായ പുതിയ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്ക നാഷണൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്രൈസ്തവ സാഹിത്യ രചന മത്സരത്തിൽ വിജയികളായവരെ പ്രഖ്യാപിച്ചു.

ഡോ. ഷൈനി റോജൻ സാം എഴുതിയ “കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ” എന്ന ലേഖനം മലയാളം വിഭാഗത്തിലും, സിസ്റ്റർ ലൗലി ഷാജി തോമസ് എഴുതിയ “മായയാം ഉലകത്തിൽ” കവിത വിഭാഗത്തി

07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


# പെന്തെക്കോസ്തിന്റെ മാന്യതയും മര്യാദയും കാത്തുസൂക്ഷിക്കുക





ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പെന്തെക്കോസ്തുകാർ മര്യാദയുടെ സീമകൾ ലംഘിക്കുന്നു എന്ന് തോന്നുന്ന നിലയിലാണ് ഈ അടുത്ത കാലത്ത് കേൾക്കുന്ന പല വോയ്സ് ക്ലിപ്പുകളും നവമാധ്യമങ്ങളിൽ കാണുന്ന പോസ്റ്റുകളും. അസഭ്യം പറയുന്നതിനും ഭീഷണിപ്പെടുത്തുന്നതിനും യാതൊരു മടിയുമില്ലാത്ത നിലയിലുമാണ് പലരും പ്രവർത്തിക്കുന്നത്. കഴിഞ്ഞ ചില ദിവസങ്ങളായി ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയുടെ വോയ്സ് ക്ലിപ്പുകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. രക്ഷിക്കപ്പെടാത്ത മനുഷ്യർപോലും പറയാൻ അറയ്ക്കുന്ന അസഭ്യങ്ങളും അശ്ലീലതയുമാണ് അതിൽ നിറയെ. എന്നാൽ ഇത്തരം പോസ്റ്റുകൾ പിന്തുണയ്ക്കുന്നവരെ കാണുമ്പോൾ അറിയാതെ പെന്തെക്കോസ്തിന്റെ അവസ്ഥയെക്കുറിച്ച് ആലോചിച്ചുപോയി.

പെന്തെക്കോസ്ത് എന്നത് രൂപാന്തരപ്പെട്ടവരുടെ കൂട്ടമാണ്. ആഴമായ മാനസാന്തരാനുഭവം ഉള്ളവരാണ് പെന്തെക്കോസ്ത് വിശ്വാസികൾ. മറ്റ് സമുദായസ്ഥർക്കും ജാതികൾക്കും മുമ്പിൽ മാന്യതയോടെ വർത്തിക്കേണ്ടവരാണ്. എന്നാൽ ദുഃഖകരമായ കാര്യം പെന്തെക്കോസ്തുകാർക്ക് ഇന്ന് പ്രസംഗം മാത്രമേ ഉള്ളൂ. വിശ്വാസമോ വചനാധിഷ്ഠിതമായ ജീവിതശൈലിയോ തൊട്ടുതീണ്ടിയിട്ടില്ല. പരസ്പരം പോരടിക്കുവാനും കുതികാൽ വെട്ടുവാനും മാത്രമേ ഇന്ന് കഴിയുന്നുള്ളൂ. അതിന്റെ പ്രതിഫലനമാണ് അസഭ്യം പറച്ചിലും അനുബന്ധപ്രവർത്തനങ്ങളും. ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർ മറക്കുന്ന വലിയ യാഥാർത്ഥ്യമുണ്ട്. പൊതുസമൂഹത്തിന്റെ മുമ്പിൽ പെന്തെക്കോസ്തിന്റെ ശ്രേഷ്ഠത അവർ ഇല്ലാതാക്കുകയാണ്. ചിലരുടെ വ്യക്തിതാല്പര്യങ്ങൾക്കായും സ്വകാര്യ അജണ്ടകളുടെ പൂർത്തീകരണത്തിനായും അവർ നടത്തുന്ന നാടകങ്ങൾക്ക് ബലിയാടാകുന്നത് പാവങ്ങളായ വിശ്വാസികളും ശുശ്രൂഷകരുമാണ്. മാനസാന്തരം ഇല്ലാത്ത ജഢീകന്മാർ ഇന്ന് പെന്തെക്കോസ്ത് സമൂഹത്തിൽ വളരെ വർദ്ധിച്ചിരിക്കുന്നു എന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്.

ഒരുകാലത്ത് പെന്തെക്കോസ്തുകാരൻ എന്ന പേര് കേൾക്കുമ്പോൾ മദ്യപിക്കാത്തവൻ, വഴക്കുണ്ടാക്കാത്തവൻ, മാന്യൻ എന്നൊക്കെയുള്ള ചിന്തയാണ് പൊതുസമൂഹത്തിനുണ്ടായിരുന്നത്. എന്നാൽ സ്ഥിതി മാറിയിരിക്കുന്നു. ജഢീകനും വഴക്കുകാരനും മാന്യതയില്ലാത്തവനുമൊക്കെ പെന്തെക്കോസ്തിന്റെ ഭാഗമായി മാറി. അതുകൊണ്ടുതന്നെ നമ്മുടെ പ്രസ്ഥാനങ്ങൾക്ക് വന്നു ഭവിച്ച മൂല്യച്ച്യുതി വലുതാണ്.

അധികാരകസേരയ്ക്കുവേണ്ടിയുള്ള ആർത്തിയും വടംവലിയും വർദ്ധിച്ചിരിക്കുന്നു. സ്റ്റേജുകളിൽ ഘോരഘോരം പ്രസംഗിക്കുന്ന പല പ്രസംഗകരും അധികാര കസേരയ്ക്കുവേണ്ടി പിന്നണിയിൽ ഇരുളിന്റെ പ്രവർത്തിയാണ് ചെയ്യുന്നത്. ചർച്ച് ഓഫ് ഗോഡിന്റെ ഭരണസംവിധാനങ്ങൾ സമാധാനത്തോടെയും ഭംഗിയായും നിർവ്വഹിക്കപ്പെടുന്ന കാലഘട്ടമാണിത്. എന്നാൽ ഇതൊന്നും ഉൾക്കൊള്ളുവാൻ കഴിയാത്ത ചിലരുടെ വ്യക്തിതാല്പര്യവും സ്വകാര്യ അജണ്ടയുമാണ് ഒരു വ്യക്തിയിലൂടെ പുറത്തുവരുന്ന അസഭ്യ ജല്പനങ്ങൾ. ഇത് എതിർക്കപ്പെടേണ്ടതാണ്. പെന്തെക്കോസ്ത് സമൂഹം ഇത്തരം പ്രവണതകൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കണം. ഇത്തരം പ്രവർത്തികൾക്ക് ചൂട്ട് പിടിക്കുന്ന പ്രസംഗകനെയും എഴുത്തുകാരനെയും ഒക്കെ ബഹിഷ്കരിച്ചാൽ തീരുന്നതേയുള്ളൂ ഇവരുടെ അസ്കിതകൾ.

സമൂഹമാധ്യമങ്ങൾ തെറ്റായ നിലയിൽ ഉപയോഗിക്കുന്ന വിശ്വാസികളുടെയും ശുശ്രൂഷകരുടെയും എണ്ണം നാൾക്കുനാൾ വർദ്ധിക്കുകയാണ്. ചെറിയ ചെറിയ വിഷയങ്ങളുടെ പേരിൽ നടക്കുന്ന ചർച്ചകൾ മറ്റൊരു തലത്തിലേക്ക് മാറി പോർവിളിയും അസഭ്യവർഷവുമായി മാറുന്നു. ഇവരിൽ പലരും ശുശ്രൂഷകരും പ്രബോധകരുമൊക്കെയാണ്. നാം മര്യാദയുടെ അതിരുകൾ ലംഘിക്കാതിരിക്കുക. പൊതുസമൂഹത്തിന്റെ മുമ്പിൽ പെന്തെക്കോസ്തിന്റെ മാന്യത കാത്തുസൂക്ഷിക്കുക. നാം ആരെന്ന ചിന്ത നമ്മെ ഭരിക്കണം. പെന്തെക്കോസ്ത് എന്നത് വിശ്വാസത്തിന്റെ ഭാഗമാകുമ്പോൾ തന്നെ ഒരു ജീവിതശൈലിയും ഒരു സംസ്കാരവുംകൂടിയാണ് അത് ദൈവവചനത്തിനധിഷ്ഠിതമാണ് എന്നത് മറക്കാതിരിക്കുക.

**ലേഖനം**

# വേറിട്ടു നിൽക്കാം, സമൂഹമാധ്യമത്തിലും


ജയ്സൺ തോമസ് പറക്കാട്ട്

വേർപെട്ടവർ – പെന്തെക്കോസ്തിനു മലയാളിസമൂഹമിട്ട പേര്. ഇതര ക്രിസ്തീയ വിഭാഗങ്ങളിൽനിന്നും മറ്റു മതങ്ങളിൽനിന്നും പെന്തെക്കോസ്തുകാർക്കുള്ള വ്യത്യസ്തത ആയിരുന്നു ആ വിളിപ്പേരിനു കാരണം. നടപ്പിലും എടുപ്പിലും ഉടുപ്പിലുമൊക്കെ പെന്തെക്കോസ്തുകാർ വേറിട്ടുനിന്നു. കള്ളുഷാപ്പിലോ ചൂതാട്ടസംഘങ്ങളിലോ മറ്റ് അലമ്പിടങ്ങളിലോ മഷിയിട്ടു നോക്കിയാൽ പോലും പെന്തെക്കോസ്തുകാരെ കാണാനാകാത്ത ഒരു കാലം. എന്തിനേറെ, മാടക്കടയിലും കലുങ്കിലും ഇരുന്നു നുണയും കൊതിയും വിളമ്പു വെടിവട്ടങ്ങളിൽ പോലും അവരെ കാണാനാകുമായിരുന്നില്ല. വാക്കിലും പ്രവൃത്തിയിലും പുലർത്തിയ വേർപാടു തന്നെയാണു പെന്തെക്കോസ്തിലേക്ക് ആയിരങ്ങളെ ആകർഷിച്ചതും.

കാലം മാറി; കഥയും. ഇന്നു വേർപാടിന്റെ അതിർവരമ്പുകൾ തിരിച്ചറിയാനാകാത്ത വിധം മാഞ്ഞിരിക്കുന്നു. വഴിവക്കിലെ വെടിവട്ടങ്ങളിൽ പെന്തെക്കോസ്തുകാർ ഇന്നും നന്നേ കുറവ്. എന്നാൽ, ലോകത്തിലെ ഏറ്റവും വലിയ സാങ്കൽപിക തെരുവിൽ (വിർചൽ സ്ട്രീറ്റ്) വേർപാടു പോയിട്ട് അതിന്റെ പാടു പോലുമില്ലാതെയാണു വർത്തമാനകാല പെന്തക്കോസ്തിലെ പലരുടെയും പെരുമാറ്റം.

ഫെയ്സ്ബുക്ക്, വാട്സാപ്, ട്വീറ്റർ, യുട്യൂബ് തുടങ്ങിയ സമൂഹമാധ്യമങ്ങളുടെ കണ്ണിയാണ് ഈ സാങ്കൽപിക തെരുവ്. നാട്ടുകൂട്ടത്തിൽ പറഞ്ഞാൽ വിരലിലെണ്ണാവുന്നവർ കേൾക്കുന്ന കാര്യം സമൂഹമാധ്യമങ്ങളിലൂടെയാകുമ്പോൾ എത്ര പേരിലേക്ക് എത്തുമെന്നതിനു കണക്കില്ല.

ജീവിതത്തിലെ വേർപാട് സമൂഹമാധ്യമ ഉപയോഗത്തിലും പുലർത്താൻ പെന്തെക്കോസ്തു വിശ്വാസികൾ ബാധ്യസ്ഥരാണ്. അവിടെയും മാന്യമായ പ്രതികരണങ്ങളും ഇടപെടലുകളും മാത്രമേ ദൈവമക്കളിൽനിന്നു മറ്റുള്ളവർ പ്രതീക്ഷിക്കുന്നുള്ളൂ. സുവിശേഷകൻ വായ്മൊഴിഞ്ഞ അസഭ്യവാക്കുകൾ സമൂഹമാധ്യമങ്ങളിൽ ആഘോഷിക്കപ്പെട്ടതും വാർത്താമാധ്യമങ്ങൾ ചർച്ചയാക്കിയതും നമുക്കു പാഠമാകണം. ഇന്ത്യ വിട്ടപ്പോൾ കുരിശുമാലയും കുപ്പായവുമിട്ട പെന്തെക്കോസ്തു നേതാവിനെ കുടുക്കിയതു സമൂഹമാധ്യമങ്ങളാണെങ്കിലും അതിന്റെ പേരിൽ ചേരിതിരിഞ്ഞു നടത്തിയ പോരാട്ടം നാണക്കേടായി.

പെന്തെക്കോസ്തു നേതാക്കൾ പദവി മറന്നു രാഷ്ട്രീയ പ്രസ്താവനകളും ട്രോളുകളുമൊക്കെ പോസ്റ്റും ഷെയറും ചെയ്യാൻ മൽസരിക്കുന്നു. മറ്റു സമുദായ സംഘടനകളുടെ നേതാക്കളോ ആത്മീയ ആചാര്യൻമാരോ ഇങ്ങനെ ചെയ്താൽ മാധ്യമങ്ങൾ വാർത്തയാക്കുകയും വിവാദമാകുകയും ചെയ്യും. പെന്തെക്കോസ്തു പ്രസ്ഥാനങ്ങൾക്കു താരതമ്യേന സംഘടിതശക്തി കുറവായതിനാൽ ശ്രദ്ധിക്കപ്പെടാതെ പോകുന്നതു മാത്രമാണു നമ്മുടെ നേതാക്കളിൽ പലരും ഇത്തരം വിവാദങ്ങളിൽ കുടുങ്ങാതിരിക്കുന്നതിന്റെ കാരണം.

പെന്തെക്കോസ്തിലെ ഉന്നത സ്ഥാനക്കാരിൽ പലരും രാഷ്ട്രീയ പാർട്ടികളുടെ ചാവേറുകളെപ്പോലെ സൈബർ പോരാളികളായി അഴിഞ്ഞാടുകയാണ്. വിവിധ വിഷയങ്ങളിൽ സ്വന്തം അഭിപ്രായങ്ങൾ പെന്തെക്കോസ്തു നേതാക്കൻമാർ സമൂഹമാധ്യമങ്ങളിൽ രേഖപ്പെടുത്തുന്നതിൽ തെറ്റില്ല. എന്നാൽ, രാഷ്ട്രീയ പാർട്ടികളുടെ പോരാട്ടമുറികളിൽ നിന്നു പടച്ചുവിടുന്ന സൃഷ്ടികൾ അതേപടി ദൈവമക്കൾ ഷെയറും പോസ്റ്റും ചെയ്യുമ്പോൾ മങ്ങലേൽക്കുന്നതു പെന്തെക്കോസ്തിന്റെ മഹത്വത്തിനാണ്. പെന്തെക്കോസ്തു യുവജന പ്രസ്ഥാനങ്ങളുടെ നേതാക്കൻമാരിൽ പലരുടെയും പോസ്റ്റുകൾ രാഷ്ട്രീയ നേതാക്കളുടേതിലും തീവ്രമാണ്. സമൂഹമാധ്യമങ്ങളിൽ തങ്ങളെ പിന്തുടരുന്നവരിൽ, സുഹൃദ്പട്ടികയിലുള്ളവരിൽ ഇതു സൃഷ്ടിക്കാവുന്ന തെറ്റായ ചിന്താഗതിയെ പറ്റി ഇവർക്കു വിചാരമില്ല. മറ്റു വിശ്വാസധാരകളെ മോശമായി ചിത്രീകരിക്കുന്ന പോസ്റ്റുകൾ ചിലരെങ്കിലും ഇടുന്നു. അത് ആരിലും മാനസാന്തരം വരുത്തില്ല, മറിച്ചു വിദ്വേഷമാണു സൃഷ്ടിക്കുക എന്നത് ഇത്തരക്കാർ മറക്കുന്നു.

ഭരണ – രാഷ്ട്രീയ രംഗങ്ങളിലെ ഉന്നത വ്യക്തികൾ സമൂഹമാധ്യമങ്ങളിൽ ഇടപെടുന്നതു ശ്രദ്ധിക്കുക. അവർ മാന്യതയുടെ ഭാഷ വിട്ടു പ്രതികരിക്കാറില്ല. മറിച്ചൊരു ശ്രമം അവരിൽനിന്നു വന്നാൽ സമൂഹം പ്രതികരിക്കുകയും ഒടുവിൽ തിരുത്തലിൽ കലാശിക്കുകയും ചെയ്യുന്നു. വിവാദങ്ങളിലൂടെ വാർത്തകളിൽ ഇടംപിടിക്കാൻ ആഗ്രഹിക്കുന്ന നിലവാരമില്ലാത്ത ചില നേതാക്കൾ മാത്രമാണു സമൂഹമാധ്യമങ്ങളിൽ മോശം പ്രസ്താവനകൾ നടത്തുന്നത്. ലൈക്കും കമന്റും ഏറെ കിട്ടുമെങ്കിലും ജനമനസ്സുകളിൽ ഇക്കൂട്ടർക്കു കാര്യമായ സ്ഥാനമില്ലെന്നതും മനസിലാക്കുക.

പെന്തെക്കോസ്തിന്റെ പേരിൽ സമൂഹമാധ്യമങ്ങളിൽ ഗ്രൂപ്പുകൾ ഏറെയാണ്. പാര്യമ്പര്യ ഗ്രൂപ്പും പരിഷ്കൃത ഗ്രൂപ്പും ഇടതു പെന്തെക്കോസ്തും വലതു പെന്തെക്കോസ്തും സ്വതന്ത്ര പെന്തെക്കോസ്തുമൊക്കെയായി ആകെ ഗ്രൂപ്പുകളി. പെന്തെക്കോസ്ത് ആശയപ്രചാരണത്തിലുപരി ഇഷ്ടമില്ലാത്തവരെ തേജോവധം ചെയ്യുക എന്നതിലേക്കു മിക്ക ഗ്രൂപ്പുകളുടെയും ലക്ഷ്യം മാറിയിരിക്കുന്നു. മാധ്യമങ്ങളിൽ പെന്തെക്കോസ്തിനെതിരെ വരുന്ന മിക്ക വാർത്തകളുടെയും ഉറവിടം ഇത്തരം ഗ്രൂപ്പുകളാണ്. ഈ ഗ്രൂപ്പുകളിൽനിന്നു പുറത്തുപോകുന്ന വിഡിയോ – ഓഡിയോ ക്ലിപ്പുകളും ചിത്രങ്ങളും പിന്നീടു വർഗീയ സംഘങ്ങൾ ഉൾപ്പെടെ പ്രചരിപ്പിക്കുമ്പോൾ നാണം കെടുന്നതു പെന്തെക്കോസ്തു സമൂഹം അപ്പാടെയാണ്.

നഷ്ടപ്പെടുകയാണു നമ്മുടെ വേർപാട്. ചുമരെഴുത്തുകൾ പോലെ അവ മാഞ്ഞുവരുന്നു. ഇതാണു പോക്കെങ്കിൽ വിശുദ്ധിയും വേർപാടുമില്ലാത്ത ആൾക്കൂട്ടമായി പെന്തെക്കോസ്തു സഭകൾ മാറാൻ ഏറെക്കാലം ആവശ്യമില്ല. സമൂഹമാധ്യമങ്ങൾ നല്ലതാണ്, നിത്യജീവിതത്തിൽ അത്യന്താപേക്ഷിതവും. അവ നമുക്കു പ്രയോജനത്തിനായി ഉപയോഗിക്കാം. പെന്തെക്കോസ്തിനെ സമൂഹത്തിൽ താറടിച്ചു കാണിക്കുന്നതിനും മറ്റുള്ളവർ നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നതിനും സമൂഹമാധ്യമങ്ങളിലെ പ്രവർത്തനം കാരണമാകാതിരിക്കട്ടെ. വേർപാടിന്റെ നേർത്തുപോയ അതിർവരകൾ നമുക്കു തിരികെപ്പിടിക്കാം.



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

## വേദപഠനം

തിമൊഥെയൊസ്

–തുടർച്ച–

അപ്പോൾ വചനത്തിന് ശക്തിയുണ്ട് ഇത് സധൈര്യം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യണം, ഇത്

a. ദൈവവചനം, അ.പ്രവ:4:31
b. കർത്താവിന്റെ വചനം, അ.പ്രവ:8:28
c. രക്ഷയുടെ വചനം അ.പ്രവ:13:26
d. കൃപയുടെ വചനം, അ.പ്രവ:14:3
e. സുവിശേഷ വചനം, അ.പ്രവ:15:7
f. കർത്താവായ യേശുവിന്റെ വചനം, അ.പ്രവ:20:35

ഒരു മൂപ്പനു ദൈവസഭ ഭരിക്കണമെങ്കിൽ വചനത്തിൽ അറിവും അനുഭവവും ഉണ്ടായിരിക്കണം. വചനമാണ് നമ്മുടെ വിശ്വാസത്തിനും ജീവിതത്തിനുമുള്ള ഏക ആധാരം. അതിനോടു കൂട്ടുകയോ കുറയ്ക്കുകയോ പാടില്ല, ആവ:4:2, വചനത്തോട് അനുസരണക്കേട് കാണിച്ചാൽ ശാപവും മരണവുമാണ്, ആവ:11:16–17. ഈ വചനങ്ങൾ പ്രസംഗിക്കുമ്പോൾ മൂപ്പനു സഭയിലും സമൂഹത്തിലും വിലയും നിലയും ഉണ്ടാകും. ദൈവവചനത്തിലൂടെ മാത്രമേ വിശ്വാസികളെ ഭരിക്കുവാൻ കഴിയുകയുള്ളു. സിദ്ധാന്തങ്ങളോ, പ്രമാണങ്ങളോ, തത്വജ്ഞാനങ്ങളെ, തത്വസംഹിതകളോ ആരെയും ഒരു നാളും രക്ഷിക്കുന്നില്ല, അതുകൊണ്ടാണ് പൊലോസ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന് എന്റെ വചനം എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രെ ആയിരുന്നത് 1കൊരി:2:4–5. വചനമാണ് ദൈവമക്കളുടെയും ദൈവദാസന്മാരുടെ പ്രമാണവും കരുത്തും. മാർട്ടിൻ ലൂഥർ നവീകരണത്തിന്റെ പോരാളിയെന്നും വിശേഷിപ്പിക്കുന്ന ഇദ്ദേഹത്തോടു ഒരാൾ ഒരിക്കൽ പറഞ്ഞു, “മുഴുലോകവും നിങ്ങൾക്കെതിരാണ് മാർട്ടിൻ, അങ്ങനെയെങ്കിൽ.... ലൂഥർ മറുപടി പറഞ്ഞു; ദൈവവും ലൂഥറും മുഴുലോകത്തിനും എതിരാണ്. മാർട്ടിൻ ലൂഥർ ശരിയായ നിലയിൽ രക്ഷയുടെ അനുഭവത്തിലേക്കു കടന്നു വരുവാൻ ഇടയായത് റോമാലേഖനം പാരായണം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്നതിലാണ് അതു മുഖാന്തരം സഭയിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചോദ്യം ചെയ്യുവാനും വിമർശിക്കുവാനും കാരണമായി.

ഉപദേശത്തിലും– ദൈവസഭയുടെ തുടക്കം, രൂപീകരണം വളർച്ച, അഭിവൃദ്ധി, അടിസ്ഥാന ഉപദേശങ്ങൾ ഇതെല്ലാം പ്രവർത്തിയുടെ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തീയ വിശ്വാസത്തിലെ പ്രധാന ഘടകങ്ങളാണ് ക്രിസ്തുവിന്റെ മരണം, ഉയിർത്തെഴുന്നേല്പ്, ക്രിസ്തുവിന്റെ രക്ഷാകരമായ ദൗത്യം, ത്രിയേകത്വം, പരിശുദ്ധാത്മാവ് എന്നിങ്ങനെയുള്ളത്.

ഉപദേശം എന്നത് അടിസ്ഥാന പഠിപ്പിക്കൽ എന്നാണ് അർത്ഥം, ഇതാണ് സഭയായാലും സംഘടനയായാലും സമൂഹമായാലും നിലനിർത്തുന്നത്. ക്രൈസ്തവസഭയുടെ അടിസ്ഥാന പഠിപ്പിക്കലുകൾ പ്രവർത്തിയുടെ പുസ്തകം രണ്ടാം അദ്ധ്യായം 32 മുതൽ 42 വരെയുള്ള വാക്യങ്ങളിൽകാണാം. അതിമാനസാന്തരം, സ്നാനം, വേർപാട്, അപ്പൊസ്തല ഉപദേശങ്ങൾ, അപ്പം നുറുക്കൽ, കൂട്ടായ്മ ആചരിക്കുക, പ്രാർത്ഥന എന്നിവയാണ്, എബ്രായലേഖനം ആറാം അദ്ധ്യായം ഒന്നു മുതൽ മൂന്നു വരെയുള്ള വാക്യങ്ങളിലും ഇതിനോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. അടിസ്ഥാന ഉപദേശങ്ങൾ ഏഴു എന്നു പറയുമ്പോൾ ഇതെല്ലാം ബൈബിളിൽ ക്രമീകരിച്ചിരിക്കുന്നതാണ്, 2 തിമോ. 3: 14–16. ഈ ഉപദേശങ്ങൾ ഒരു വ്യക്തിയെ ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാനാണ്. എഫെ. 4:15, ക്രിസ്തുവിൽ തികഞ്ഞവനായി മാറുന്നതിനും, കൊലെ: 1:28 ഈ പഠിപ്പിക്കലുകൾ തിരുവെഴുത്തിന്റെയും ലക്ഷ്യവും വിശ്വാസികളെ മഹത്തായ ലക്ഷ്യത്തിലേക്കു കൈപ്പിടിച്ച് ഉയർത്തുന്നതിനുമാണ്. ഇവിടെ പൗലോസ് പറയുന്നത് സഭയുടെ മൂപ്പൻ സഭയുടെ മേൽനോട്ട ശുശ്രൂഷമാത്രമല്ല വചനവും ഉപദേശവും പഠിപ്പിക്കുന്നവൻ കൂടിയായിരിക്കണം കാരണം വചനവും ഉപദേശവും അത്രെ വിശ്വാസികളെ പ്രതികൂലങ്ങളിലും പ്രതിസന്ധികളിലും ഉറച്ചുനിൽക്കുവാൻ സഹായിക്കുന്നത്. യേശുക്രിസ്തു പറഞ്ഞതായ ഒരു ഉപമ പാറ സ്ഥലത്തും വഴിയരികിലും മുള്ളിനിടയിലും വീണ വിത്തുകൾ ഒരു വളർച്ചപ്രാപിക്കാത്ത സ്ഥാനത്ത് നല്ല നിലത്ത് വീണതായ വിത്ത് 60ഉം, 80ഉം, 100 മേനി വിളയുവാൻ ഇടയായിത്തീർന്നു. ഇതുപോലെ നല്ല നിലത്തുവീണ വിത്തുപോലെ നല്ല ഫലം കായ്ക്കണമെങ്കിൽ ഹൃദയത്തിൽ വചനവും ഉപദേശവും ഉണ്ടായിരിക്കണം മത്താ. 13:1–23. ഇങ്ങനെ ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് an empty vessels make much noise, ഒഴിഞ്ഞ പാത്രം വലിയ ശബ്ദം ഉണ്ടാക്കുന്നു. ഇതുപോലെ ദൈവവചനം ഹൃദയത്തിൽ ഇല്ലാത്തവർ വലിയ ഒച്ചയും ശബ്ദവും ബാഹ്യപ്രകടനവും കാണിക്കുന്നു എന്നാൽ വചനവും ഉപദേശവും ഉള്ളവർ ശാന്തരും ആത്മീക പക്വതയോടും സ്വഭാവത്തിലും പെരുമാറ്റത്തിലും വെളിപ്പെടും.

വചനവും ഉപദേശവും തലച്ചോറിൽ നിന്നും അഥവാ ബുദ്ധിയിൽ നിന്നും ദൂതും ഹൃദയത്തിൽ നിന്നുമാണ്, ജ്ഞാനം കൊണ്ട് ഉപദേശം പഠിപ്പിക്കാം എന്നാൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ കൂടെ മാത്രമേ ദൂത് നൽകുവാൻ കഴിയുകയുള്ളു ഡി. എൽ.മൂഡി ചെറുപ്പക്കാലത്ത് ഒരു പ്രസംഗം ചെയ്തുകഴിഞ്ഞശേഷം അനുഭവസമ്പത്തുള്ള ഒരു ദൈവദാസൻ തന്നോടു പറഞ്ഞു, മോനേ ഇനിയും പ്രസംഗിക്കുമ്പോൾ പരിശുദ്ധാത്മാവിനെ കൂടുതൽ മാനിക്കുകയും കീഴ്പ്പെടുകയും ചെയ്യണം അതിന്റെ അർത്ഥം മനസ്സിലാക്കിയ മൂഡീ പിന്നെ പറയുകയണ്ടായി, അതിനുശേഷം തന്റെ ശുശ്രൂഷ വിപ്ലവരമായിത്തീർന്നു. മൂപ്പന്മാർ വചനം പഠിപ്പിക്കുന്നതിൽ കഴിവും മികവുള്ളവരും ആയിരിക്കണം. അതും ആത്മാവിലും പക്വതയിലും കൃപയിലും ആയിരിക്കണം. ഇന്നത്തെ പല പ്രസംഗങ്ങളും ആത്മനിറവില്ലാത്തതും മുഖസ്തുതിയും ആത്മപ്രശംസയും ആയി മാറിയിരിക്കുകയാണ് ഇങ്ങനെയുള്ള പഠിപ്പിക്കലുകളോ സന്ദേശങ്ങളോ അല്ല ഇന്നത്തെ ആവശ്യം, ഉപരിയായി കണ്ണീരിലും പ്രാർത്ഥനയിലും തയ്യാറാക്കിയ സന്ദേശങ്ങൾ ആയിരിക്കണം. (തുടരും)

## വീക്ഷണം

# പാഴ്സനേജുകളിലെ നൊമ്പരങ്ങളൊഴിയും കാലം



റോബിൻ ശാമുവേൽ

നിരവധി ദൈവദാസന്മാരാണ് ഈയടുത്ത സമയത്ത് വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് ചേർന്നത്. അവരിൽ പലരുടെയും വേർപാട് അപ്രതീക്ഷിതമായിരുന്നുവെന്നത് സഭകൾക്കും കുടുംബാംഗങ്ങൾക്കും തീരാദുഃഖമാണ് സമ്മാനിച്ചത്. വീടും നാടും വിട്ട് സുവിശേഷത്തിന്റെ വ്യാപ്തിക്കായി ഇറങ്ങി, പാഴ്സനേജിന്റെ നാല് ചുവരുകൾക്കുള്ളിലേക്ക് പറിച്ച് നടപ്പെട്ടവരുടെ നെടുവീർപ്പുകൾ അവിടവിടെ ഉയരുന്നുണ്ട്. ദൈവദാസന്മാരുടെ പെട്ടെന്നുള്ള വേർപാട് സഭകൾക്ക് വരുത്തുന്ന നഷ്ടം താൽക്കാലികമാണെങ്കിലും ഇവരുടെ കുടുംബങ്ങൾക്ക് അത് നികത്താനാകാത്ത നഷ്ടം തന്നെയാണ്. അജഗണപാലനത്തിനായി അഹോരാത്രം അധ്വാനിക്കുന്ന ദൈവദാസന്മാർക്കും കുടുംബാംഗങ്ങൾക്കും ലഭിക്കേണ്ട ന്യായമായ ചില പരിഗണനകളെക്കുറിച്ച് ചർച്ച ചെയ്യപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

സ്വന്തമായി വീടും എസ്റ്റേറ്റും ആഡംബരകാറും ട്രസ്റ്റുമൊക്കെയുള്ള ‘ഹൈലെവൽ’ പാസ്റ്റേഴ്സ് ഈ ചർച്ചയുടെ പരിധിയിലേ വരില്ല. മറിച്ച് സ്വന്തമായി ഒരു തുണ്ട് ഭൂമിയോ വീടോ ഇല്ലാതെ നാളുകളായി പാഴ്സനേജുകളിലും വാടകവീടുകളിലും കഴിയുന്ന ദൈവദാസന്മാരെപ്പറ്റിയാണീ ആശങ്കകൾ. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രാർത്ഥനയെ മാത്രം ആശ്രയിക്കുന്ന ഒരു വിഭാഗം; മക്കളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങി വിശ്വാസികൾ നേരിടുന്ന എല്ലാ ഭൗതീക ആവശ്യങ്ങളും പ്രതികൂലങ്ങളും നേരിടുന്നവർ തന്നെയാണ് ദൈവദാസന്മാർ. അപ്രതീക്ഷിതമായുണ്ടാകുന്ന വിടവാങ്ങലുകൾ ദൈവദാസന്മാരുടെ കുടുംബാംഗങ്ങളെ അക്ഷരാർത്ഥത്തിൽ തന്നെ താറുമാറാക്കുന്നു എന്നുവേണം കരുതാൻ. അല്പകാലത്തേക്കുള്ള ആശ്വാസ വാക്കുകൾക്കും സഹായങ്ങൾക്കും നന്ദി രേഖപ്പെടുത്തി പാഴ്സനേജുകൾ വിട്ട് തിരശ്ശീലയ്ക്ക് പിന്നിലേക്ക് മറയപ്പെടുന്നവരെപ്പറ്റി പിന്നീട് വലിയ അന്വേഷണങ്ങളൊന്നും നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഒറ്റപ്പെട്ട സംഭവങ്ങളിൽ സഹായിക്കുവാനും പിന്തുണ നൽകുവാനും സഭകളും വിശ്വാസികളും തയ്യാറാകുന്നുവെങ്കിലും. അതൊരു ബൃഹത് പദ്ധതിയായി ഇനിയും വളർച്ച പ്രാപിച്ചിട്ടില്ല.

എല്ലാം ഇട്ടെറിഞ്ഞ് സുവിശേഷത്തിന്റെ വ്യാപ്തിക്കായി ഇറങ്ങിത്തിരിച്ച ദൈവദാസന്മാരെയും കുടുംബങ്ങളെയും പറ്റി സഭാനേതൃത്വങ്ങൾക്ക് കരുതലുണ്ടാകേണ്ടതാണ്. അധികാരങ്ങളിലിരിക്കുന്ന മിക്കവർക്കും ഇത്തരമൊരു കരുതലിന്റെ ആവശ്യമില്ലായെങ്കിലും പെൺമക്കളുടെ വിവാഹത്തിനും വിദ്യാഭ്യാസത്തിനുമായി ബുദ്ധിമുട്ടുന്ന എത്രയെത്ര ദൈവദാസന്മാർ സഭകളിലുണ്ട്. രോഗവും ചികിത്സയുമൊക്കെയായി തകർന്നുപോയവരും ധാരാളമാണ്. തങ്ങളുടെ അടക്കിപ്പിടിച്ച തേങ്ങലുകൾ കേൾക്കാൻ നേതൃത്വങ്ങൾ തയ്യാറായെങ്കിൽ എത്ര നന്നായേനെ. വിവാഹനിധിയും വിദ്യാഭ്യാസനിധിയും ചികിത്സാനിധിയുമൊക്കെ തുടങ്ങേണ്ടിയിരിക്കുന്നു സഭകൾ. ‘നക്കാപ്പിച്ച’ സഹായങ്ങൾ നല്കിയിട്ട് നാട്ടാരെ മുഴുവൻ അറിയിക്കത്തക്കനിലയിൽ നടത്തുന്ന പബ്ലിസിറ്റി നാടകങ്ങളാകരുത് ഇവ. നേരെ മറിച്ച് അവകാശമായിത്തന്നെ ഇത്തരം സഹായങ്ങൾ ലഭിക്കണം.

വീടും വസ്തുവുമില്ലാതെ പാഴ്സനേജുകൾ മാറിമാറി ജീവിതം തള്ളിനീക്കുന്ന ദൈവദാസന്മാരെപ്പറ്റി സഭകൾക്കെന്ത് ചെയ്യാൻ കഴിയും. ജീവിതത്തിന്റെ ഭൂരിഭാഗവും പാഴ്സനേജിന്റെ ഇടുങ്ങിയ ചുവരുകൾക്കുള്ളിൽ ജീവിതം ഹോമിച്ചവർക്ക് ‘സ്വന്തമായൊരു ഭവനം’ നിർമ്മിച്ചു നൽകുക എന്നത് കടമയായിത്തന്നെ സഭകൾ കാണണം. വാർദ്ധക്യത്താൽ ശുശ്രൂഷയിൽ നിന്നും വിരമിക്കുന്നവർക്കും അകാലത്തിൽ വിധവകളാക്കപ്പെട്ട് പാഴ്സനേജുകളുടെ പടിയിറങ്ങുന്നവർക്കും കൈത്താങ്ങാകുവാൻ സഭാനേതൃത്വങ്ങൾ മുന്നിട്ടിറങ്ങുക തന്നെ വേണം. മിഷൻ ദർശനത്തോടെയുള്ള ചില ആശുപത്രികളും പാലിയേറ്റീവ് കെയർ സെന്ററുകളും കൂടിയുണ്ടെങ്കിൽ രോഗത്താലും ശാരീരിക അവശതകളാലും ഭാരപ്പെടുന്നവർക്ക് അവ എത്രമാത്രം ആശ്വാസമായിരിക്കും. വിശ്വാസി സമൂഹവും സഭാനേതൃത്വങ്ങളും ഇച്ഛാശക്തിയോടെ മുന്നിട്ടിറങ്ങിയാൽ നേടിയെടുക്കാൻ കഴിയുന്ന ലക്ഷ്യങ്ങൾ മാത്രമാണിത്.

ആയിരങ്ങൾ ഫീസ് നൽകി വിശ്വാസികളുടെ മക്കൾ പഠിക്കുമ്പോൾ പകുതിവഴിയിൽ പഠനം ഉപേക്ഷിക്കപ്പെട്ടവരും തുടർപഠനത്തിന് ബുദ്ധിമുട്ടുന്നവരും പാഴ്സനേജുകളുടെ കുടുസുമുറികളിൽ വട്ടംതിരിയുന്നുണ്ട്. മറ്റ് വഴികളില്ലാത്തതിനാൽ മാത്രം ബൈബിൾ സെമിനാരികളിൽ എത്തപ്പെട്ടവരേയും അന്വേഷിച്ചാൽ കണ്ടെത്താവുന്നതാണ്. നിരന്തരം അനുഭവിക്കുന്ന അപകർഷതാബോധത്താലും മറ്റും വഴിവിട്ടു സഞ്ചരിച്ചവരും നിരവധിയാണ്. സുവിശേഷത്തിനും സഭയ്ക്കും വേണ്ടി തങ്ങളുടെ ജീവിതം മുഴുവൻ കൊടുത്ത ദൈവദാസന്മാരുടെ തലമുറയുടെ ഭാവി രക്ഷപ്പെടുത്താനുള്ള ഉത്തരവാദിത്തം കൂടി ഈ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. വിവാഹപ്രായമായ പെൺമക്കളെയോർത്ത് നൊമ്പരപ്പെടുന്ന ദൈവദാസന്മാർക്ക് ആത്മധൈര്യം ഉറപ്പു നല്കുന്ന തീരുമാനങ്ങളും സഭകളിൽ നിന്നുണ്ടാകട്ടെ. മറിച്ച് പ്രാർത്ഥിക്കാം എന്ന ഘനഗാംഭീര നിറഞ്ഞ സ്ഥിരം പല്ലവികളുയർത്താനാണ് ശ്രമമെങ്കിൽ അത് ദൈവമുമ്പാകെ നീതിയായിരിക്കയില്ല.

അധികാരശ്രേണികളിലൊന്നും സ്വാധീനമില്ലാത്തതിനാൽ നാമമാത്രമായ കുടുംബങ്ങളുള്ള സഭകളിൽ മാറി മാറി അജഗണ പാലനം നടത്തുന്ന ദൈവദാസന്മാരും സഹായിക്കപ്പെടേണ്ടവരാണ്. വിശ്വാസ ജീവിതത്തിന്റെ പാഠം പഠിപ്പിക്കാനായി ഇവരെ കഷ്ടപ്പെടുത്തേണ്ടതുണ്ടോ? സ്വന്തക്കാരേയും ജാതിമത ചുറ്റുപാടുകളേയും ഇട്ടെറിഞ്ഞ് വന്നവരും രോഗങ്ങൾ അലട്ടുന്നവരും ഇത്തരം സാഹചര്യങ്ങളെ എങ്ങനെ അതിജീവിക്കുമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സഭാപ്രവർത്തനത്തിന്റെ ഇടവേളകളിൽ കൂലിപ്പണികൾക്ക് പോയി ജീവിതത്തേയും സഭയേയും നയിക്കുന്നവരും പെന്തെക്കോസ്തിലുണ്ട് എന്നതൊരു പച്ചയായ യാഥാർത്ഥ്യമാണ് ദൈവദാസന്മാർ വസ്തു ബ്രോക്കറും കല്യാണ ബ്രോക്കറുമൊക്കെയായി പരിവർത്തനം ചെയ്യപ്പെടുന്നതും ഇത്തരം സാഹചര്യങ്ങളിലാണ്. ഇവിടെയെല്ലാം സഹായത്തിന്റെ കരം നീട്ടുവാൻ സഭകൾ തയ്യാറായായ വയലുകളിൽ നിന്നും നൂറ് മേനി കൊയ്തെടുക്കുവാൻ അത് പ്രചോദനമാകുമെന്നതിൽ സംശയമില്ല.

മെച്ചപ്പെട്ട സാമ്പത്തിക നിലവാരവും സംവിധാനങ്ങളുമുള്ള മുഖ്യധാരാ സഭകളെ സംബന്ധിച്ചിടത്തോളം ‘ദൈവദാസന്മാർക്കുള്ള കരുതൽ’ പ്രയോഗത്തിൽ വരുത്താൻ വളരെ എളുപ്പമാണ്. ഈ വിഷയങ്ങളൊക്കെ ഉയർത്തിക്കൊണ്ടുവരാൻ ആരെങ്കിലുമൊക്കെ താല്പര്യമെടുത്താൽ മാത്രം മതിയാകും ഇവിടെ. എന്നാൽ സ്വതന്ത്ര സഭകളെക്കുറിച്ചുള്ള ആശങ്കകൾ തുടരുക തന്നെ ചെയ്യും. ഇത്തരം കരുതലുകളൊക്കെ പ്രയോഗത്തിൽ വരുത്തുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടുന്നവയായിരിക്കും മിക്ക സ്വതന്ത്ര സഭകളും.

രണ്ടായാലും പെന്തെക്കോ

07

# വിശക്കുന്ന കുട്ടികളുടെ കൂട്ടുകാരി






വെസ്റ്റ് ബംഗാളിൽ സുവിശേഷപ്രവർത്തനവും സാമൂഹ്യസേവനവും ചെയ്യുന്ന ഒരു കുടുംബത്തെ ആണ് ഇവിടെ പരിചയപ്പെടുത്തുന്നത്. ബഹുഭൂരിപക്ഷവും സുവിശേഷവേലയ്ക്കായി വലിയ പട്ടണങ്ങളേയും കേരളത്തിലെ ഗ്രാമങ്ങളെയും തെരഞ്ഞെടുക്കുമ്പോൾ സമൂഹത്തിലെ ത്യജിക്കപ്പെട്ടവരെയും പട്ടിണിപാവങ്ങളെയും ദൈവാത്മപ്രേരിതരായി ശുശ്രൂഷിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന ഇവർ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാണ്.

മധ്യതിരുവിതാംകൂറിലെ ചെങ്ങന്നൂരിൽ ഒരു പാവപ്പെട്ട കർഷക കുടുംബത്തിലെ മൂന്നു മക്കളിൽ ഇളയമകനായിട്ടാണ് പാസ്റ്റർ സാമുവേൽ കെ. എം. ജനിച്ചത്. തനിക്കു 14 വയസ്സുള്ളപ്പോൾ പിതാവ് നഷ്ടപ്പെട്ടു. കൊടിയ സാമ്പത്തിക ദാരിദ്ര്യത്തിലും വിഷമത്തിലും ആയിരിക്കുമ്പോൾ ദൈവത്തെ അറിയുകയും പഠിക്കുകയും യൗവനപ്രായത്തിൽ തന്നെ സുവിശേഷവേല തിരഞ്ഞെടുക്കുകയും ചെയ്തു. വെൺമണി മർത്തോമ്മാ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ പ്രീഡിഗ്രി പഠനവും നടത്തി. തുടർന്ന് പുത്തൻകുരിശ് ഗുഡ്ന്യൂസ് ഫോർ ഏഷ്യ, GFA മഞ്ഞാടി എന്നിവിടങ്ങളിൽ നിന്നും തുടർന്ന് 1996-ൽ പുനലൂർ ബെഥേൽ ബൈബിൾ കോളജിൽ നിന്നും വേദപഠനം പൂർത്തിയാക്കി. 2010 വരെ കേരളത്തിൽ ഏ.ജി. എറണാകുളം സെക്ഷനിൽ സഭാ ശുശ്രൂഷയിൽ ആയിരുന്നു. 1999-ൽ മേഴ്സി (കൊല്ലം അഞ്ചാലുംമൂട്) ജീവിതപങ്കാളിയായി. സാമൂഹ്യസേവന രംഗത്ത് തൽപരയായിരുന്ന സഹോദരി മേഴ്സി സാമുവേൽ 1999 മുതൽ സുവിശേഷവേലയിലും സാമൂഹ്യപ്രവർത്തനത്തിലും സജീവമായി.

2012-ൽ ആണ് വെസ്റ്റ് ബംഗാളിലേക്കു വരുവാനുള്ള ദൈവീകദർശനം ലഭിക്കുന്നത്. ആരുടെയും അനുവാദത്തിനു കാത്തു നിൽക്കാതെ ദൈവസന്നിധിയിൽ സ്വയം സമർപ്പിച്ചെടുത്ത തീരുമാനം. കൂടെ കൊണ്ടുപോകാൻ പറ്റുന്ന സാധനങ്ങൾ എല്ലാം പാക്ക് ചെയ്തു. ബാക്കിയുള്ളവ കിട്ടിയ വിലയ്ക്ക് വിറ്റു. സ്വന്തം എന്നു പറയാൻ ഒന്നും അവശേഷിപ്പിക്കാതെ എല്ലാം വിറ്റൊഴിഞ്ഞു. കാരണം പ്രതിസന്ധികൾ കടന്നുവരുമ്പോൾ തിരിച്ചുവരാനുള്ള സാധ്യതകളെ ഇല്ലാതാക്കുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. എല്ലാം ഉപേക്ഷിച്ചു ദൈവമുഖത്തേക്ക് മാത്രം നോക്കി വെസ്റ്റ് ബംഗാളിലെ കുച്ച് ബിഹാർ ജില്ലയിൽ എത്തിച്ചേർന്നു. നിരക്ഷരരും ദരിദ്രരരുമായ ഭിക്ഷക്കാരുടെയും റാഗ് പിക്കേഴ്സിന്റെയും ജീവിതം ആരുടെയും കരളലിയിക്കുന്ന കാഴ്ചയാണ്. അവരുടെ ഇടയിലേക്കാണ് സുവിശേഷ സാമൂഹിക പ്രവർത്തനങ്ങളുമായി എത്തുന്നത്. ആദ്യഘട്ടമായി 25 കുട്ടികളെ പഠനത്തിൽ സഹായിക്കുവാൻ തീരുമാനിച്ചു. എന്നാൽ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സാഹചര്യം ഇല്ലായെന്നത് വെല്ലുവിളിയായി മുമ്പിൽ നിന്നു. അതിനുള്ള സാമ്പത്തിക ഉറവിടം കണ്ടെത്തുവാൻ സഹോദരി മേഴ്സി സാമുവേൽ മുമ്പ് ജോലിചെയ്ത കുവൈറ്റിലേക്ക് വീണ്ടും തിരികെ പോയി.

2015 അവസാനം ആയപ്പോൾ വെസ്റ്റ് ബംഗാളിൽ മടങ്ങിയെത്തി. റെയിൽവേ സ്റ്റേഷനിലും ആശുപത്രി പരിസരങ്ങളിലും ഭക്ഷണമില്ലാതെ അലഞ്ഞുതിരിയുന്നവർക്കു വീട്ടിൽ നിന്നും ഭക്ഷണം ഉണ്ടാക്കി വിളമ്പി കൊടുക്കുവാൻ തുടങ്ങി. ആ സമയത്തു തൊട്ടടുത്ത ജില്ലയിൽ ആദിവാസി തോട്ടം മേഖലയിൽ കുഞ്ഞുങ്ങളും മുതിർന്നവരും ജോലിയില്ലാതെ ആഹാരത്തിനും വസ്ത്രത്തിനും മരുന്നിനും ദാരിദ്ര്യം അനുഭവിക്കുന്നത് നേരിട്ട് കാണുവാൻ ഇടയായി. കൽച്ചീനിയിലെ ഒരു ആദിവാസി ഗ്രാമത്തിൽ കുട്ടികൾക്ക് ആദ്യമായി മുട്ടയും പാലും ബിസ്കറ്റും കൊടുത്ത് തുടങ്ങി. തൊട്ടടുത്ത ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്ക് ബ്രെഡും ചിക്കൻകറിയും കൊടുത്തു. പിറ്റേ ആഴ്ചയിൽ മറ്റൊരു ഗ്രാമത്തിൽ കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ചോറും ചിക്കൻ കറിയും ഡാലും സബ്ജിയും പപ്പടവും ചേർത്തു സമൃദ്ധമായ ഊണ് നൽകി. സ്ഥിരമായ ജോലിയും വരുമാനവുമില്ലാത്ത അവർക്കു കുഞ്ഞുങ്ങൾക്ക് നല്ല ആഹാരം കൊടുക്കുവാനോ ചികിത്സിക്കുവാനോ പഠിപ്പിക്കുവാനോ കഴിയുന്നില്ല. അങ്ങനെ പല ഗ്രാമങ്ങളിലായി പട്ടിണിപാവങ്ങളായ ആയിരത്തിൽ അധികം കുട്ടികൾക്ക് ആഴ്ചയിൽ ഒരു നേരം ആഹാരവും അവർക്ക് ആവശ്യമായ വസ്ത്രങ്ങളും കൊടുക്കുവാൻ ഈ ശുശ്രൂഷയിലൂടെ ഈ പ്രിയപ്പെട്ടവർക്ക് കഴിയുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അവരെ സഹായിക്കുന്നതിനായി സൗജന്യമായി ട്യൂഷനും കൊടുത്തുവരുന്നു. ശരീരത്തിനാവശ്യമായ ഭക്ഷണത്തോടൊപ്പം ക്രിസ്തുവിന്റെ സ്നേഹം പകർന്നു കൊടുക്കുവാനും ഈ പ്രിയപ്പെട്ടവർ ശ്രദ്ധവെയ്ക്കുന്നു. 2016 -ൽ മാത്രം 50-ൽ അധികം സുവിശേഷയോഗങ്ങൾ ഈ സ്ഥലങ്ങളിൽ അവർ നടത്തി. വചനം പഠിച്ച ആദിവാസികളായ സുവിശേഷകന്മാരെ ഒപ്പം നിർത്തി സഭാപ്രവർത്തനങ്ങളും ചെയ്തുവരുന്നു.







പെന്തെക്കോസ്തുകാർ പൊതുവെ കടന്നുചെല്ലുവാൻ വിമുഖത കാണിക്കുന്ന ഈ മേഖലയിൽ ഒരു സഭയുടെയോ സംഘടനയുടെയോ പിൻബലമില്ലാതെ അവരുടെ അദ്ധ്വാനവും സോഷ്യൽ മീഡിയയിലെ സുഹൃത്തുക്കളുടെ സഹകരണവും കൊണ്ട് മാത്രം ആണ് ഈ പ്രവർത്തനം ചെയ്തുവരുന്നത്. വിശന്നിരുന്നവർക്കു മാത്രമേ വിശപ്പിന്റെ വില അറിയുകയുള്ളൂ. ഒരിക്കലും ജീവകാരുണ്യ പ്രവർത്തനമായിട്ടല്ല അവർ ഇതിനെ കാണുന്നത് കർത്താവിന്റെ ഉപദേശവും സുവിശേഷവേലയുടെ ഭാഗവുമായിട്ടു മാത്രമാണ് ഈ ശുശ്രൂഷ ചെയ്യുന്നത്. ദൈവത്തിൽ ആശ്രയിച്ചു വിശ്വാസത്താൽ തുടങ്ങിവെച്ച ഈ ശുശ്രൂഷ തുടർന്നുകൊണ്ട് പോകുവാൻ വിശ്വാസികളായ നമ്മുടെ നിർലോഭമായ സഹകരണവും പിന്തുണയും ആവശ്യമാണ്. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുക. പ്രോത്സാഹിപ്പിക്കുക.

ദൈവാത്മാവ് ആരുടെയെങ്കിലും മനസ്സിൽ താല്പര്യം കൊടുക്കുന്നെങ്കിൽ ഈ പ്രവർത്തനത്തെ സാമ്പത്തികമായി സഹായിക്കാം. അതിനായി ചില പ്രിയപ്പെട്ടവരെങ്കിലും മുമ്പോട്ട് വരും എന്ന് പ്രതീക്ഷിക്കട്ടെ. ഈ പ്രവർത്തനങ്ങളെ കൂടുതൽ അറിയുവാൻ ബന്ധപ്പെടുക.



## ADDRESS

**SAMUEL K. M.**

Central Bank of India, Coochbehar Bazar (Br),
West Bengal - India, A/c 3190181950, IFSC Code-CBIN 0282564
Mob: 08609894510
E-mail: mountcarmelsocialservice@yahoo.com

## അക്ഷരങ്ങളുടെ അത്ഭുതലോകം - 3

# ശുഭചിന്തകൾ ശക്തിയുടെ സ്രോതസ്സുകൾ



ടീയെസ് കപ്പമാംമ്മൂട്ടിൽ

ദൈനംദിന ജീവിതത്തിൽ അനേകരെ നാം കണ്ടുമുട്ടാറുണ്ട്. അവരിൽ മിക്കവരും വിസ്മൃതിയുടെ കയങ്ങളിൽ മറയുകയാണ് പതിവ്. എന്നാൽ കാലങ്ങൾക്ക് ഒരിക്കലും മായിച്ചുകളയാൻ കഴിയാത്ത ചില മുഖങ്ങൾ നമ്മുടെ മനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. സ്വഭാവത്തിലും വീക്ഷണത്തിലും മനോഭാവത്തിലും വ്യത്യസ്ത പുലർത്തുന്ന ചിലർ. നന്മയുടെ പ്രതീകങ്ങളായവർ, വേദനകളിൽ സ്വാന്തനമേകുന്നവർ, പ്രതിസന്ധികളിൽ താങ്ങുംതണലുമായി ചേർന്നു നില്ക്കുന്നവർ, ജീവിതത്തിൽ നന്മയുടെ കണികകൾ അവശേഷിക്കുന്ന ആരും അവരെ മറക്കാറില്ല.

ഈ ഗുണവിശേഷങ്ങളൊന്നും തൊട്ടുതീണ്ടിയിട്ടുപോലുമില്ലാത്ത വ്യക്തിയായിരുന്നു ആ യുവാവ്. എങ്കിലും ആ മുഖമിന്നും മനസ്സിൽ തെളിഞ്ഞുനില്ക്കുന്നു. താളം തെറ്റിയ ജീവിതത്തിന്റെ ഉടമയായിരുന്ന ആ യുവാവ് മറ്റുള്ളവരിൽ നിന്നും അകന്നു നില്ക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എപ്പോഴും അളന്നു തൂക്കിയുള്ള പരിമിതമായ വാക്കുകൾക്കുള്ളിൽ സംഭാഷണമൊതുക്കാൻ ശ്രമിച്ചിരുന്ന അന്തർമുഖനായ ആ വ്യക്തിയുമായി ദൈവസ്നേഹം പങ്കുവെയ്ക്കുവാൻ അപ്രതീക്ഷിതമായി അവസരം ലഭിച്ചപ്പോൾ സൗഭാഗ്യമായി കരുതി.

മനസ്സുതുറക്കാൻ അല്പസമയമെടുത്തെങ്കിലും പിന്നീട് സംഭവിച്ചതൊക്കെ അവിശ്വസനീയമായിരുന്നു. മുമ്പിൽ നില്ക്കുന്ന യുവാവ് പുകയുന്ന ഒരു അഗ്നിപർവ്വതമായി രൂപാന്തരപ്പെടുന്നതു കണ്ട് ഞാൻ പകച്ചുനിന്നു. അഗ്നിസ്ഫുലിംഗങ്ങൾ വാരിവിതറുന്ന കണ്ണുകൾ. മനസ്സിൽ കത്തിക്കൊണ്ടിരുന്ന സകല ലോകത്തോടുമുള്ള പകയുടെയും വിദ്വേഷത്തിന്റെയും തിരികൾ പതിപ്പിച്ചത് വിഷലിസ്തമായ ധൂമപടലങ്ങൾ, ഉള്ളിൽ നിന്നും അണപൊട്ടിയൊഴുകിയ പദപ്രവാഹങ്ങളുടെ ലാവയ്ക്ക് സമസ്ത ലോകത്തേയും ഉന്മൂലനം ചെയ്യാനുള്ള ചൂടുണ്ടായിരുന്നു.

എവിടെയാണ് ഈ യുവാവിന്റെ ജീവിതം താളം തെറ്റുവാൻ തുടങ്ങിയത്? ഒരു ക്രൈസ്തവ ഭവനത്തിൽ ജനിച്ചിട്ടും ആ ജീവിതം ദിശതെറ്റിയൊഴുകാൻ കാരണമെന്ത്? നിശ്ചയമില്ല.

എന്നാൽ ജീവിതത്തിൽ സംഭവിച്ച അപജയങ്ങളുടെ കാരണങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ചില ശക്തമായ സൂചനകൾ സംഭാഷണത്തിൽ നിന്നും ലഭിച്ചു.

ഈ ഭൂമിയിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടാത്ത ഒരു വിഭാഗമുണ്ടെങ്കിൽ അത് ശവകുടീരത്തിനുള്ളിൽ അന്ത്യവിശ്രമം കൊള്ളുന്നവർ മാത്രമാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ ലോകത്തോടു മുഴുവൻ ഒടുങ്ങാത്ത പക ഉള്ളിൽ കാത്തു സൂക്ഷിച്ച യുവാവിനു കഴിഞ്ഞില്ല. ഉള്ളിൽ വേരുറപ്പിച്ച പ്രസാദാത്മക ചിന്തകളെ അയാൾ നിഷ്ക്കരുണം പിഴുതെറിഞ്ഞു. തൽസ്ഥാനത്ത് നിഷേധാത്മക ചിന്തകൾ കാടുകയറുവാൻ അനുവദിച്ചു. മാത്രമല്ല, കാലക്രമേണ ദൈവീകാസ്തിത്വത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടതോടുകൂടി ജീവിതം അർത്ഥശൂന്യമാണെന്ന ചിന്ത മനസ്സിൽ രൂഢാമൂലമായി.

**ജീവിതയാത്രയിൽ ഔന്നത്യങ്ങൾ കീഴടക്കിയിട്ടുള്ള മഹാന്മാരെല്ലാവരും തന്നെ ജീവിതലക്ഷ്യം നേടിയെടുക്കുവാൻ പ്രതിസന്ധികളെ തടസ്സങ്ങളായല്ല, സുവർണ്ണാവസരങ്ങളായാണ് കണക്കാക്കിയത്. അവരാരും തന്നെ ജീവിതയാഥാർത്ഥ്യങ്ങൾക്കു നേരെ നിഷേധാത്മകമായ നിലപാടുകൾ കൈക്കൊണ്ടില്ല. അവരുടെ അമൂല്യമായ കൈമുതൽ ദൈവാശ്രയബോധവും ശുഭാപ്തി വിശ്വാസവുമായിരുന്നു.**

ജീവിതയാത്രയിൽ ഔന്നത്യങ്ങൾ കീഴടക്കിയിട്ടുള്ള മഹാന്മാരെല്ലാവരും തന്നെ ജീവിതലക്ഷ്യം നേടിയെടുക്കുവാൻ പ്രതിസന്ധികളെ തടസ്സങ്ങളായല്ല, സുവർണ്ണാവസരങ്ങളായാണ് കണക്കാക്കിയത്. അവരാരും തന്നെ ജീവിത യാഥാർത്ഥ്യങ്ങൾക്കു നേരെ നിഷേധാത്മകമായ നിലപാടുകൾ കൈക്കൊണ്ടില്ല. അവരുടെ അമൂല്യമായ കൈ മുതൽ ദൈവാശ്രയ ബോധവും ശുഭാപ്തി വിശ്വാസവുമായിരുന്നു. അ ശുഭചിന്തകളെ മനസ്സിന്റെ അകത്തളങ്ങളിൽ നിന്നും പടിയിറക്കിവിട്ട അവർ പകരം ഉൾത്തടങ്ങൾ ശുഭചിന്തകൾ കൊണ്ടുനിറച്ചു.

നിരന്തരമായി വേട്ടയാടിക്കൊണ്ടിരുന്ന പരാജയങ്ങളുടെ കയ്പുനീർ മട്ടോളം ഊറ്റിക്കുടിക്കേണ്ടി വന്നിട്ടും അവയ്ക്കു മുമ്പിൽ അടിയറവു പറയാത്ത ഒരു വലിയ മനുഷ്യന്റെ സംഭാവനകൾ സുവർണ്ണലിപികളിൽ അമേരിക്കൻ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1831 മുതൽ 1858 വരെയുള്ള തന്റെ ജീവിതത്തിൽ കനത്ത പരാജയങ്ങളാണ് അദ്ദേഹത്തിന് ഏറ്റു വാങ്ങേണ്ടി വന്നത്. തുടരെത്തുടരെയുള്ള പരാജയങ്ങളേല്പിച്ച കനത്ത പ്രഹരങ്ങൾക്കിടയിലും പതറിപ്പോകാതെ അദ്ദേഹം ശുഭാപ്തി വിശ്വാസത്തോടും ദൈവാശ്രയത്തോടുംകൂടെ ചുവടുകൾ മുമ്പോട്ടുവെച്ചു. അതിനിടയിൽ മനസ്സിന്റെ ശൂന്യതയെ ശുഭചിന്തകൾ കൊണ്ടുനിറയ്ക്കുവാൻ അദ്ദേഹം മറന്നില്ല. ലക്ഷ്യബോധത്തോടെ മുമ്പോട്ടുനീങ്ങിയ ആ വ്യക്തിയാണ് തന്റെ 51-ാം വയസ്സിൽ ഐക്യനാടുകളുടെ പ്രസിഡന്റായി അവരോധിക്കപ്പെട്ട ഏബ്രഹാം ലിങ്കൻ.

സാഹചര്യം എത്രപ്രതികൂലമാണെങ്കിലും നമ്മുടെ മനസ്സിനുള്ളിൽ ശുഭചിന്തകൾ കൊണ്ടുനിറയ്ക്കുവാൻ കഴിഞ്ഞാൽ ആർക്കും വിജയത്തിന്റെ കൊടുമുടികളെ കീഴടക്കുവാൻ കഴിയുമെന്ന സന്ദേശം നൽകുന്ന ഉത്തമഗ്രന്ഥമാണ് നോർമൻ വിൻസെന്റ് പീലിന്റെ 'Discovering the Power of Positive Thinking'. വിജയത്തിലേക്കുള്ള പാത ശുഭചിന്തകളിൽ അധിഷ്ഠിതമാണെന്ന് കരുതുന്ന ഗ്രന്ഥകർത്താവ്, നിഷേധാത്മകമായും അർദ്ധഹൃദയത്തോടെയും സംസാരിക്കുവാനുള്ള പ്രവണതയ്ക്ക് പൂർണ്ണ വിരാമമിടുവാൻ കഴിയുന്നവർക്കുമാത്രമേ വിജയങ്ങൾ സ്വന്തമാക്കാൻ കഴിയുകയുള്ള എന്ന് ഉറച്ചു വിശ്വസിക്കുന്നു. പ്രസാദാത്മകമായ ഗ്രന്ഥങ്ങൾ വായിക്കുന്നതും പ്രസാദാത്മക മനസ്സുള്ളവരുമായി സുഹൃദ്ബന്ധം സ്ഥാപിക്കുന്നതും നമ്മുടെ ചിന്താപ്രക്രിയകളെ പ്രസാദാത്മകമായ അന്തരീക്ഷത്തിൽ നിലനിർത്തുവാൻ സഹായകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

മനസ്സിനെ ശുഭചിന്തകൾകൊണ്ടു നിറയ്ക്കുമെന്ന് ഉറപ്പുതരുന്ന ഒരു ഗ്രന്ഥം മാത്രമെ വിശ്വസാഹിത്യത്തിലുള്ളൂ. വിശുദ്ധബൈബിൾ നിരന്തരമായ തിരുവചന പാരായണം പ്രസാദാത്മകമായി ചിന്തിക്കുവാൻ നമ്മുടെ മനസ്സിനെ പാകപ്പെടുത്തുന്നു.




# സി.ബി.എസ്.ഇ.ക്ക് എല്ലാ വിഷയങ്ങൾക്കും എ.വൺ ഗ്രേഡ് ലഭിച്ചു





**തിരുവല്ല:** വേങ്ങൽ ഐ.പി.സി. എബനേസർ ചർച്ച് സഭാംഗവും മറിയാമ്മ - കെ. ജി. പൗലോസ് ദമ്പതികളുടെ മകളുമായ എമീമാ അന്നാ പൗലോസിന് സി.ബി.എസ്.ഇ. പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ.വൺ ഗ്രേഡ് ലഭിച്ചു.

**റാന്നി:** വട്ടാർകയം ചർച്ച് ഓഫ് ഗോഡ് സഭാംഗവും റാന്നി കടവുപുഴ പൊന്നിട്ടേത്ത് വിൽസൻ തോമസ്-വൽസമ്മ ദമ്പതികളുടെ മകളും സിറ്റാഡൽ റെസിഡെൻഷ്യൽ സ്കൂൾ വിദ്യാർത്ഥിയുമായ ഷാരോൻ വിൽസന് സി.ബി.എസ്.ഇ. പത്താംക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ. വൺ ഗ്രേഡ് ലഭിച്ചു.

# പെന്തെക്കോസ്ത് വിദ്യാർത്ഥിക്ക് റാങ്ക് തിളക്കം



**തിരുവനന്തപുരം:** ഐപിസി താബോർ സഭാംഗം ആരൻ ജോൺ സാബുവിന് IIT അഖിലേന്ത്യപ്രവേശന പരീക്ഷയിൽ റാങ്ക് തിളക്കം. IIT പ്രവേശന പരീക്ഷയായ JEE Advanced പരീക്ഷയിൽ 94-ാമത് റാങ്ക് കരസ്ഥമാക്കി ആരൻ കേരളത്തിൽ മുമ്പിലെത്തി. പ്രവേശനപരീക്ഷയിൽ കണക്കിന് നൂറുശതമാനം ആരൻ നേടിയിട്ടുണ്ട്. ഈ വർഷം ആരനടക്കം രണ്ടു പേർക്കാണ് കേരളത്തിൽ നിന്നും നൂറിൽ താഴെ റാങ്ക് ലഭിച്ചത്. കേരളത്തിൽ ഇതിനുമുമ്പ് ഡോ. രാജു നാരായണസ്വാമി ഐഎഎസിന് മാത്രം ആണ് IIT പ്രവേശന പരീക്ഷയായ JEE Advanced പരീക്ഷയിൽ നൂറിൽ താഴെ റാങ്ക് ലഭിച്ചിട്ടുള്ളത്.

തിരുവനന്തപുരം സെന്റ് തോമസ് സെൻട്രൽ സ്കൂളിൽ പഠിച്ചിരുന്ന ആരൻ ബോർഡ് പരീക്ഷകളിൽ എ വൺ ഗ്രേഡുകൾ നേടിയിട്ടുണ്ട്. സ്കോളർഷിപ്പ് - ടാലന്റ് പരീക്ഷകളിൽ ഒന്നാമനായ ആരൻ IIT മുംബൈയിൽ പഠിക്കുവാനാണ് ആഗ്രഹിക്കുന്നത്. ട്യൂഷനുകളിലോ കോച്ചിങ്ങുകളിലോ പോകാതെ കരസ്ഥമാക്കിയ IIT പ്രവേശന പരീക്ഷയിൽ ഈ വിജയം ദൈവാശ്രയത്തിന്റേതാണെന്ന് ആരന്റെ പിതാവ് സാബു ജോൺ പറഞ്ഞു. ഷാർജയിൽ ബിസിനസ്സിൽ ആയിരുന്ന സാബു ജോൺ ഐപിസി താബോർ സഭയുടെ സെക്രട്ടറി, ബൈബിൾ കോളജ് അധ്യാപകൻ എന്നീ നിലകളിൽ ഇപ്പോൾ കർത്തൃശുശ്രൂഷകളിലായിരിക്കുന്നു. മാതാവ് ജെസ്സി. സഹോദരി: പ്രിസില്ല തങ്കം സാബു മെഡിക്കൽ വിദ്യാർത്ഥിനിയാണ്.


CHURCH OF GOD
UMM Al Quwain (UAE)
WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm
E-mail: churchofgoduae@gmail.com





Pr. Binu Thomas
Ph: 00971-505516735

Pr. John Koshy
Ph: 00971-559270602




# ആരാധന ആയുസ് കൂട്ടുന്നു: സർവ്വേ

സ്ഥിരമായി ആരാധനക്ക് പോകുന്നത്, ആത്മാവിന് മാത്രമല്ല ശരീരത്തിനും ഗുണം ചെയ്യും എന്ന് പുതിയ പഠന സർവ്വേകൾ സൂചിപ്പിക്കുന്നു. ഹ്യൂമൻ പോപ്പുലേഷൻ ലാബോറട്ടി, കാലിഫോർണിയായുടെ 30 വർഷത്തെ പഠനം ആത്മീകജീവിതവും ആരോഗ്യവും തമ്മിൽ അഭേദ്യബന്ധമുണ്ട് എന്ന് തെളിയിക്കുന്നു. സ്ഥിരമായി ആരാധനയിൽ പങ്കെടുക്കുന്നവർ ദുശീലങ്ങളിൽ നിന്നും അകലം പാലിക്കും എന്നും കുടുംബമൂല്യങ്ങൾക്ക് ഇവർ പ്രാധാന്യം കൊടുക്കും എന്നും സർവ്വേ സമർത്ഥിക്കുന്നു. ഈ പഠനപ്രകാരം സഭാരാധനയ്ക്ക് പോകുന്നതുകൊണ്ട് കുറഞ്ഞ രക്തസമ്മർദ്ദം, കുറഞ്ഞ വിഷാദ ചിന്തകൾ, ഉയർന്ന പ്രതിരോധശക്തി എന്നീ പ്രയോജനങ്ങൾ ലഭിക്കും എന്നു സർവ്വേ പറയുന്നു. ആരാധനമൂലം ഉള്ള കൂട്ടായ്മയും സാമൂഹ്യ പ്രതിബദ്ധതയും സഭാ വിശ്വാസികളുടെ ഉയർന്ന ആരോഗ്യത്തിന് ഒരു കാരണമാണ്.

മരിനോ ബ്രൂസ് എന്ന മറ്റൊരു ഗവേഷകന്റെ സമാനമായ പഠനവും ആരാധന ആരോഗ്യം കൂട്ടും എന്ന് വാദിക്കുന്നു. നാൽപതിനും അറുപത്തഞ്ചിനും ഇടയിൽ പ്രായമുള്ളവർ സ്ഥിരമായി ആരാധനയ്ക്ക് പോകുകയാണെങ്കിൽ അകാല മരണനിരക്ക് 55% വരെ കുറയുമെന്ന് ഈ പഠനം അവകാശപ്പെടുന്നു.

അയ്യായിരം പേരുടെ വിവരങ്ങൾ ശേഖരിച്ചശേഷം നടത്തിയ ഈ ഗവേഷണം ആരാധനയിൽ പങ്കെടുക്കുന്നവർക്ക് ആരാധനയ്ക്ക് പോകാത്തവരെക്കാൾ ആയുസ് കൂടുതൽ ആണെന്ന് തെളിയിക്കുന്നു. ആരാധനയിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകുന്ന കൂട്ടായ്മയും സന്തോഷവും, സഹോദര പ്രീതിയും മാനസിക പിരിമുറുക്കം കുറയ്ക്കും എന്ന് സർവ്വേ ചൂണ്ടിക്കാണിക്കുന്നു.




# സൗത്ത് ഫ്ളോറിഡയിൽ വെക്കേഷൻ ബൈബിൾ സ്കൂൾ

**ഫ്ളോറിഡ:** വിവിധ സഭകളുടെ സഹകരണത്തോടെ എല്ലാവർഷവും നടത്തിവരുന്ന 21-ാമത് വെക്കേഷൻ ബൈബിൾ സ്കൂൾ ജൂൺ 19 തിങ്കൾ മുതൽ 24 ശനി വരെ സൗത്ത് ഫ്ളോറിഡ സൺറൈസ് ഐപിസി സഭയിൽ നടന്നു. തീം അവസരം, ബൈബിൾ ഗെയിംസ്, പുതിയ വിബിഎസ് പാട്ടുകളുടെ പരിശീലനം, ബൈബിൾ പരിചയം എന്നിവ നടന്നു. മുതിർന്നവർക്കായി പാസ്റ്റർ ഷിബു തോമസ് ഒക്കലഹോമ ക്ലാസ്സെടുത്തു. സമാപനദിവസം ജൂൺ 24 ശനിയാഴ്ച വൈകിട്ട് 6.30ന് വിബിഎസ് സെലിബ്രേഷന്റെ ഭാഗമായി വിവിധ പ്രോഗ്രാമുകളുടെ പ്രദർശനം നടത്തി. പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡ), പാസ്റ്റർ ജോൺ തോമസ് എന്നിവർ നേതൃത്വം നൽകി. www.ipcsouthflorida.org

## 01 ഐപിസി ഫാമിലി....

മിക്ക മുറികളും ബുക്ക് ചെയ്തു കഴിഞ്ഞു. പ്രീ രജിസ്ട്രേഷൻ ജൂൺ 30 വരെ മാത്രമേയുള്ളൂ. പെന്തെക്കോസ്തർ തിങ്ങിപാർക്കുന്ന ന്യൂയോർക്ക് ഫിലിദൽഫിയാ സിറ്റിയുടെ മധ്യത്തിൽ ന്യൂജേഴ്സിയിൽ കോൺഫറൻസ് നടക്കുന്നതിനാൽ വലിയ ജനപങ്കാളിത്വമാണ് പ്രതീക്ഷിക്കുന്നത്. ആരാധനക്കും വചനശുശ്രൂഷക്കും പ്രാധാന്യം നൽകുന്ന കോൺഫറൻസ് എന്ന നിലയിൽ ഐപിസി ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനും അനുഗ്രഹത്തിനുമായി നാഷണൽ ലോക്കൽ കമ്മറ്റികൾ സജീവമായി പ്രവർത്തിച്ചു വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. നാഷണൽ കൺവീനർ പാസ്റ്റർ ജോസഫ് വില്യംസ് (845)-893-5433, നാഷണൽ സെക്രട്ടറി വർഗീസ് ഫിലിപ്പ് (917)-973-0181, നാഷണൽ യൂത്ത് കോർഡിനേറ്റർ വെസ്ലി ആലുംമൂട്ടിൽ (832)-771-7939, നാഷണൽ ലേഡീസ് കോർഡിനേറ്റർ എൽസി കൊടുന്തറ (405)-823-7359.

## 01 ദൈവസഭാ സമ്മേളനം ഒരുക്കങ്ങൾ....

പാസ്റ്റർ സാമുവേൽ വിൽസൻ, പാസ്റ്റർ ചാർളി സാം ബാബു എന്നിവർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കും.

കുമ്പനാട് ബെഥേൽ ലേഡീസ് ബൈബിൾ സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ സൂസി ജോൺസൺ സഹോദരിമാരുടെ പ്രത്യേക സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകും. സഹോദരിമാരായ ഡോ. ജോളി ജോസഫ്, ഗ്ലോറി ജോസഫ്, സൂസൻ ജോസഫ്, സൂസൻ ഡേവിഡ്, ഏലിയാമ്മ തോമസ്, ബിനി തോമസ് എന്നിവർ സഹോദരിമാരുടെ സമ്മേളനത്തിൽ നേതൃത്വം കൊടുക്കുന്നു.

ശനിയാഴ്ച "നമ്മുടെ പുത്രിമാരെ നേതൃനിരയിലേക്ക് എങ്ങനെ ഒരുക്കിയെടുക്കാം" എന്ന വിഷയത്തെ ആസ്പദമാക്കി സുവിശേഷ പ്രവർത്തനത്തിൽ നമ്മുടെ ദൗത്യം, വ്യത്യസ്ത സംസ്കാരങ്ങളിൽ നമ്മുടെ വ്യക്തിത്വം എങ്ങനെ മനസ്സിലാക്കാം, ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദം നാം എങ്ങനെ കൈകാര്യം ചെയ്യണം എന്നീ വിഷയങ്ങൾ ചർച്ച നടത്തും. സഹോദരിമാരായ ചെൻസി മാത്യു, പ്രീതി ശാമുവേൽ, നീന തോമസ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം കൊടുക്കും. സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി റവ. സാംകുട്ടി മാത്യുവിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ജനുവരി മുതൽ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 8.00 (സെന്ററൽ) 9.00 (ഈസ്റ്റേൺ) മണിക്ക് പ്രത്യേക പ്രാർത്ഥന നടന്നുവരുന്നു.

കോൺഫറൻസിന്റെ വിജയത്തിനായി നാഷണൽ കമ്മിറ്റിയെ കൂടാതെ പാസ്റ്റർ ജോൺ തോമസിന്റെ നേതൃത്വത്തിലുള്ള ലോക്കൽ കമ്മിറ്റി താമസ - ഭക്ഷണ കാര്യങ്ങളിൽ അഹോരാത്രം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർ എത്രയും വേഗം രജിസ്റ്റർ ചെയ്താൽ സമ്മേളന സ്ഥലത്തുതന്നെ താമസ സൗകര്യം ലഭിക്കുന്നതാണ്. അല്ലായെങ്കിൽ സമീപത്തുള്ള മറ്റു ഹോട്ടലുകളിൽ ആയിരിക്കും താമസ സൗകര്യം ലഭിക്കുക. പ്ലെയിനിൽ വരുന്നവർക്ക് ജോർജ്ജ് ബുഷ് എയർപോർട്ടിൽ വന്നാൽ അവിടെ നിന്നും ഹോട്ടലിലേക്ക് വാഹനസൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഹോബി എയർപോർട്ടിൽ വരുന്നവർക്ക് ചുമതലക്കാരെ നേരത്തെ വിളിച്ചറിയിക്കുകയോ northamericancog@gmail.comഎന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യുകയോ ചെയ്താൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. മറ്റു ഹോട്ടലുകളിൽ താമസിക്കുന്നവർക്ക് ഒരു കാരണവശാലും സമ്മേളനസ്ഥലത്തേക്ക് വാഹന സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

റവ. മാത്യു കെ. ഫിലിപ്പ്, റവ. ബഞ്ചമിൻ തോമസ്, ബ്രദേഴ്സ് ബിജു തോമസ്, ബിനോയ് മാത്യു, റോബിൻ രാജു, സിസ്റ്റർ ജോളി ജോസഫ്, പാസ്റ്റർ ജോൺ തോമസ് എന്നിവരാണ് ഈ സമ്മേളനത്തിന് നേതൃത്വം കൊടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.northamericancog.org


BELIEVERS JOURNAL
Kandankeril Building, Kumbanad P.O., Thiruvalla- 689 547
E-mail: beljourn@gmail.com / Website: www.beljourn.com

# നിത്യതയിൽ



### ചെറിയാൻ ഏബ്രഹാം (80)

**ന്യൂയോർക്ക്:** ആലപ്പുഴ സനാതനം വാർഡിൽ ഏബനേസർ ഭവനത്തിൽ ചെറിയാൻ ഏബ്രഹാം (80) നിത്യതയിൽ. പവർവിഷൻ ടി.വി. ഡയറക്ടർ ബോർഡ് അംഗമായ എബി ഏബ്രഹാമിന്റെ പിതാവാണു പരേതൻ. തന്റെ 18-ാം വയസ്സിൽ രക്ഷിക്കപ്പെട്ട് സത്യസുവിശേഷസത്യങ്ങൾക്കായി വേർതിരിയുകയും, ദൈവരാജ്യവ്യാപ്തിക്കായി ആലപ്പുഴ ജോർജ്ജുകുട്ടി എന്ന് അറിയപ്പെടുന്ന ദൈവദാസനോടൊപ്പം ചേർന്ന് പെന്തെക്കോസ്ത് സത്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ വ്യാപൃതനായിരുന്നു. 1990-ൽ അമേരിക്കൻ ഐക്യനാടുകളിൽ എത്തിയ ചെറിയാൻ ഏബ്രഹാം മക്കളോടൊത്ത് ന്യൂയോർക്കിൽ താമസിച്ചു വരികയായിരുന്നു. സഹധർമ്മിണി: ന്യൂയോർക്ക് ഐ.പി.സി. ബെഥേൽ വർഷിപ്പ് സെന്റർ സഭാംഗമാണ്.

മൗണ്ട് ഹോപ്പ് സെമിത്തേരിയിൽ (50 ജാക്ക്സൺ അവന്യൂ, ഹാസിറ്റിംഗ്സ് ഓൺ ഹഡ്സൺ, ന്യൂയോർക്ക് 10706) സംസ്കാരം നടത്തി. മക്കൾ: എബി ഏബ്രഹാം - ബ്ലെസി ഏബ്രഹാം, ജോൺസൺ ഏബ്രഹാം-ജെനി ഏബ്രഹാം, ഷീബ മാത്യു-ജോൺ മാത്യു, ഷൈനി മാത്യു-വർഗീസ് മാത്യു. പരേതനു 9 കൊച്ചുമക്കൾ ഉണ്ട്.

### പി.മാത്യൂസ് (പാപ്പച്ചൻ-85)



**ഓതറ:** ദോഹ ബ്രിട്ടീഷ് ബാങ്ക് ഓഫ് മിഡിൽ ഈസ്റ്റ് മുൻ ഉദ്യോഗസ്ഥൻ അടപ്പനാംകണ്ടത്തിൽ രെഹബോത്ത് വില്ലയിൽ പി.മാത്യൂസ് (പാപ്പച്ചൻ-85) നിത്യതയിൽ.

ഭാര്യ: ആറന്മുള കുറമല അന്നമ്മ മാത്യൂസ്. മക്കൾ: ജെയിംസ് രഹബോത്ത്, എലിസബത്ത് ഫിലിപ്പ് (യു.എസ്.എ), ഗ്രേസ് രാജു (തിരുവല്ല നെടുംപറമ്പിൽ കോർപ്പറേറ്റ് ജോയിന്റ് എം.ഡി), ഗ്ലോറി യോഹന്നാൻ (യു.എസ്.എ), ജോസ് മാത്യൂസ് (യു.കെ), ബ്ലെസി ജോജി. മരുമക്കൾ: ലിസി ജെയിംസ്, കുമ്പനാട് കുരിക്കാട്ടുപാറയിൽ ഫിലിപ്പ് മാത്യൂസ് (യു.എസ്.എ), എൻ.എം.രാജു (തിരുവല്ല നെടുംപറമ്പിൽ കോർപ്പറേറ്റ് ചെയർമാൻ, കേരള കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം), പുനലൂർ ഇടമൺ വല്ല്യത്ത്പ്പുറത്തൂട്ട് സാം യോഹന്നാൻ, (സ്റ്റുവർട്ട് ഇ.എഫ്.ഐ കമ്പനി ഐ.റ്റി ഡയറക്ടർ, യു.എസ്.എ) സിനി ജോസ് (യു.കെ), കുറിയന്നൂർ മമ്മരപ്പള്ളിൽ ജോജി (എൻജിനിയർ, കോയമ്പത്തൂർ)



### പാസ്റ്റർ സി. വി. ശാമുവേൽ നിര്യാതനായി

**പത്തനംതിട്ട:** അതിരുങ്കൽ പാസ്റ്റർ സി. വി. ശാമുവേൽ (ചക്കുതറപ്ലാംതോട്ടത്തിൽ വർഗീസ് ശാമുവേൽ -83) നിത്യതയിൽ. അതിരുങ്കൽ ചർച്ച് ഓഫ് ഗോഡ് സഭാംഗമായിരുന്ന ഇദ്ദേഹം, സുവിശേഷവേലയോട് അനുബന്ധിച്ച് കേരളം, കൽക്കട്ട, ബീഹാർ, ഗുജറാത്ത്, മുംബൈ എന്നിവടങ്ങളിൽ ആയിരുന്നതിനുശേഷം അമേരിക്കൻ ഐക്യനാടുകളിൽ താമസം ആരംഭിച്ചു. പ്രവാസത്തിന്റെ ആദ്യനാളുകളിൽ ഡിട്രോയിറ്റിലും, ഇപ്പോൾ ഡാളസിലുള്ള ക്രോസ്വ്യൂ ചർച്ചിലും ഭവനാംഗങ്ങളോടൊത്ത് ആരാധിച്ചു വരികയായിരുന്നു. ചർച്ച് ഓഫ് ഗോഡിൽ (8501 ലിബർട്ടി ഗ്രോവ് റോഡ്, റോവ്ലെറ്റ്, ടെക്സാസ് 75089) സംസ്കാരം നടത്തി.

ഭാര്യ: ഏലിയാമ്മ ശാമുവേൽ. മക്കൾ: ഷാജി ശാമുവേൽ- ഷേർളി, ജെസ്സി ഏബ്രഹാം-ഏബ്രഹാം പി. ഏബ്രഹാം, പാസ്റ്റർ ഷിബു ശാമുവേൽ - സൂസൺ പരേതനു 8 കൊച്ചുമക്കൾ ഉണ്ട്.

## 01 കേരള പെന്തെക്കോസ്തൽ....

ലും, ഡോ. മനു ചാക്കോ എഴുതിയ "കൊഴിയുന്ന ഇലകൾ പറഞ്ഞത്" മലയാളം ചെറുകഥ വിഭാഗത്തിലും പുരസ്ക്കാരം നേടി. സിസ്റ്റർ സാറാ ജോൺ എഴുതിയ 'സെറ്റ് ലൈക് ഫ്ളിന്റ്' എന്ന ലേഖനത്തിലും സിസ്റ്റർ അഞ്ജലീന ജോൺ എഴുതിയ 'ഗുഡ്ബൈ' എന്ന ഇംഗ്ലീഷ് കവിതയും, 2017 ലെ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡിന് അർഹത നേടി.

പുസ്തക രചനയിലൂടെ ആത്മീയ സമൂഹത്തിനു നൽകിയ സമഗ്ര സംഭാവനകളെ മുൻ നിർത്തി, ബ്രദർ പി. എസ്. ഏബ്രഹാം രചിച്ച ഇടയലേഖനങ്ങൾ എന്ന ഗ്രന്ഥത്തിലും, പാസ്റ്റർ ജി. സാമുവേൽ എഴുതിയ പരിശുദ്ധാത്മാവ് ഒരു വിചിന്തനം എന്ന പുസ്തകത്തിലും, ബ്രദർ മനു ഫിലിപ്പ് രചിച്ച തൊട്ടറിവോ അതോ കേട്ടറിവോ എന്ന ഗ്രന്ഥത്തിനും, സിസ്റ്റർ സൂസൻ ബി. ജോൺ എഴുതിയ സ്വർഗ്ഗീയ സംഗീതധാര എന്ന ആത്മീയ ഗാനസമാഹാരത്തിനും പുരസ്ക്കാരങ്ങൾ നൽകും.

ജൂൺ 29 മുതൽ ജൂലൈ 2 വരെ നടക്കുന്ന പിസിനാക്കിൽ പുരസ്കാരം നൽകും.

ക്രൈസ്തവ സാഹിത്യ മേഖലയിൽ വിവിധ നിലകളിൽ തികഞ്ഞ പ്രാവണ്യം നേടിയിട്ടുള്ള റവ. ഡോ. ബാബു തോമസ്, റവ. ഡോ. ലെസ്ലി വർഗീസ്, റവ.ഡോ. ജോമോൻ ജോർജ്, എസ്.പി. ജെയിസ് എന്നിവരായിരുന്നു ഓരോ വിഭാഗത്തിലും വിധിനിർണ്ണയം നടത്തിയത്.

റോയി മേപ്രാൽ പ്രസിഡന്റ്, രാജൻ ആര്യപ്പള്ളിൽ വൈസ് പ്രസിഡന്റ്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ സ്റ്റാൻലി ചിറയിൽ ജോ. സെക്രട്ടറി, ജോയിസ് മാത്യൂസ് ട്രഷറാർ, സിസ്റ്റർ മേരി ജോസഫ് ലേഡീസ് കോർഡിനേറ്റർ എന്നിവരാണ് കെ. പി. ഡബ്ല്യൂ.എഫ്. ദേശീയ ഭാരവാഹികൾ.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ....

യും മറിയാമ്മ ജോയിയുടെയും മകനായി 1976-ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് B.Th ഉം തിരുവനന്തപുരം കേരള യുണൈറ്റഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് B.D യും മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ക്രിസ്റ്റ്യൻ എത്തിക്സിൽ M.Th ഉം കരസ്ഥമാക്കി. മെതുകുമേൽ എള്ളുവിളയിൽ കുടുംബാംഗമായ പേർസി മാത്യുവാണ് ഭാര്യ. ദയ, അഭിഷേക് എന്നിവർ മക്കൾ. കൊട്ടാരക്കര വൈ. പി. ഇ. സോണൽ കോർഡിനേറ്ററായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ വെസ്റ്റ് കല്ലട സഭാ ശുശ്രൂഷകനായും, മൗണ്ട് സീയോൻ ബൈബിൾ കോളജ് അധ്യാപകനായും സേവനം അനുഷ്ഠിക്കുന്നു. മുളക്കുഴയിൽ നടന്ന ചടങ്ങിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് ചുമതലക്കാർക്കായി പ്രാർത്ഥിച്ചു.

# പാസ്റ്റർ ഭക്തവത്സലൻ നയിക്കുന്ന സ്നേഹസോപാനം മ്യൂസിക്ഫെസ്റ്റ്



**കോട്ടയം:** പ്രശസ്ത സംഗീതജ്ഞൻ പാസ്റ്റർ ഭക്തവത്സലൻ നയിക്കുന്ന സ്നേഹസോപാനം മ്യൂസിക്ഫോസ്റ്റ് ജൂലൈ 28-ആഗസ്റ്റ് 15 വരെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നടത്തുന്നു. യുഎഇയിൽ നിന്നുള്ള എട്ടംഗ ടീമിനോടൊപ്പം കേരളത്തിലെ കലാകാരന്മാരും ചേർന്ന് അവതരിപ്പിക്കുന്ന ഈ സംഗീതപരിപാടിയിൽ പാസ്റ്റർ ഭക്തവത്സലനോടൊപ്പം മറ്റു പ്രശസ്തഗായകരും ഗാനങ്ങൾ ആലപിക്കും.

സംഗീതത്തിന്റെ സമസ്തമേഖകളിലും 46 വർഷമായി തനതു വ്യക്തിമുദ്ര പതിപ്പിച്ച പാസ്റ്റർ ഭക്തവത്സലൻ രചനയും സംഗീതവും നിർവഹിച്ചിട്ടുള്ള ഗാനങ്ങളാണു മ്യൂസിക്ഫെസ്റ്റിൽ ആലപിക്കുന്നത്. 'പരിശുദ്ധൻ മഹോന്നതദേവൻ', 'പാടുവാൻ എനിക്കില്ലിനി ശബ്ദം', 'ആരാധ്യനെ', 'മായയാമീലോകം', 'കനിവേറും യേശുനാഥാ', 'ഉയർന്നിതാ വാനിൽ' എന്നുതുടങ്ങി മലയാളി ക്രൈസ്തവരുടെ മനസ്സിൽ ആത്മചൈതന്യത്തിന്റെ അലകൾ ഉയർത്തിയ 250-ൽ പരം ഗാനങ്ങൾ അദ്ദേഹം രചിച്ച് ഈണം പകർന്നിട്ടുണ്ട്. ഇവയിൽ മിക്കവയും പിന്നിട്ട വഴികളിലെ ജീവിതാനുഭവങ്ങളിൽ നിന്നും ജന്മംകൊണ്ടവയാണ്.

ഇന്ത്യാ ക്യാംപസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റന്റെ ദേശീയ സംഗീതവിഭാഗമായ ഹാർട്ട്ബീറ്റ്സിന്റെ ഡയറക്ടറായി ദീർഘവർഷം പ്രവർത്തിച്ച പാസ്റ്റർ ഭക്തവത്സലൻ, ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള ബേർശേബാ മിനിസ്ട്രീസ് ഇന്ത്യയുടെ ഡയറക്ടറാണ്.

## 03 പാഴ്സനേജുകളിലെ....

സ്തിന്റെ മുഖ്യധാരയിൽ നിന്നു മാറ്റിയുള്ള ഒരു കൂട്ടം ദൈവദാസന്മാരുടെ 'അരികുജീവങ്ങൾ' ഒഴിവാക്കപ്പെടേണ്ടവ തന്നെയാണ്.

നെടുവീർപ്പുകളോടും ആശങ്കകളോടുമല്ലാതെ ദൈവദാസന്മാർ സുവിശേഷ വയലിൽ അധ്വാനിക്കുന്ന ഒരു ദിനം ആഗതമാകട്ടെ. അവിടെയാണ് പെന്തെക്കോസ്തിന്റെ ശക്തിയും മഹത്വവും വെളിവാകേണ്ടതും. എല്ലാറ്റിനുപരിയായി ദൈവദസന്മാരെയും കുടുംബങ്ങളേയും കാത്തു പരിപാലിക്കുന്നതിന് കണ്ണീരോടെയുള്ള പ്രാർത്ഥനകൾ ദൈവസഭകളിൽ നിന്നും ഉയരുകയും ചെയ്യട്ടെ.

അക്ഷര നഗരിയിൽ ആരാധനയ്ക്കായി സ്വാഗതം
കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക് ആത്മീയ ആരാധനയ്ക്കായി സ്വാഗതം.

പാസ്റ്റർ സജി മുട്ടം നേതൃത്വം നൽകുന്നു.
ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം
പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001


Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 12

BELIEVERS JOURNAL

PUBLISHED ON 25/06/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.